# LAITY VOICE



2014 MARCH    VOLUME: 4    NO: 9    E-mail: laityvoice@gmail.com


# അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി. സി. സെബാസ്റ്റ്യന് ഷെവലിയർ സ്ഥാനചിഹ്നങ്ങൾ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സൽവത്തോരെ പെനാക്കിയോ സമ്മാനിച്ചു



പാല: അല്മായർക്ക് ആഗോള കത്തോലിക്കാ സഭ നൽകുന്ന ഉന്നതസ്ഥാനമായ ഷെവലിയർ പദവി ലഭിച്ച സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി. സി. സെബാസ്റ്റ്യന് സ്ഥാനചിഹ്നങ്ങളും ഔദ്യോഗിക രേഖയും ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സൽവത്തോരെ പെനാക്കിയോ നൽകി. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനത്തിന് എത്തിച്ചേർന്ന സ്ഥാനപതിയുടെ ഔദ്യോഗിക ചേമ്പറിലാണ് ചടങ്ങ് നടന്നത്. സഭ വെല്ലുവിളികളെ നേരിടുന്ന ഈ കാലഘട്ടത്തിൽ അല്മായരുടെ ഉത്തരവാദിത്വം വളരെ വലുതാണ് . നല്ല കുടുംബങ്ങൾ സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തു പകരുന്നു. അലമായരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളെ സഭ എക്കാലവും അംഗീകരിക്കും. അഡ്വ. വ്വി. സി. സെബാസ്റ്റ്യന് ആഗോള കത്തോലിക്കാ സഭ നൽകുന്ന ഷെവലിയർ പദവി അദ്ദേഹത്തിന്റെ സഭാ ശുശ്രൂഷകൽക്കും സേവനങ്ങൾക്കുമുള്ള അംഗീകാരമാണ്. തുടർന്ന് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഇത് പ്രോത്സാഹനമാകട്ടെയെന്ന് ആർച്ച്ബിഷപ് സൽവത്തോരെ പെനാക്കിയോ ആശംസിച്ചു,

ഷെവലിയർ പദവിയുടെ ഔദ്യോഗിക പ്രഖ്യാപനം വത്തിക്കാൻ സ്ഥാനപതി കാര്യാലയ പ്രതിനിധി വായിച്ചു. സ്ഥാനചിഹ്നങ്ങൾക്കുപുറമെ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി ഒപ്പിട്ട ഔദ്യോഗിക രേഖയും വത്തിക്കാൻ നൂൺഷ്യോ സെബാസ്റ്റ്യന് കൈമാറി. ചടങ്ങിൽ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ ആമുഖപ്രഭാഷണം നടത്തി.

ആർച്ച് ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു മൂലേക്കാട്ട്, ബിഷപ്പുമാരായ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ ജേക്കബ് മനത്തോടത്ത്, മാർ പോളി കണ്ണൂക്കാടനൻ, മാർ റെമീജിയസ് ഇഞ്ചനാനിയിൽ, മാർ മാത്യു വാണിയക്കിഴക്കേൽ, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഫാ.ജേക്കബ് പാലയ്ക്കപ്പള്ളിൽ, അഡ്വ.ജോസ് വിതയത്തിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.


ബിഷപ്പുമാരായ മാർ ജോസഫ് പൊരുന്നേടം, മാർ ജോസ് ചിറ്റൂപ്പറമ്പിൽ, മാർ ജോർജ് മഠത്തിക്കണ്ടം, മാർ തോമസ് ഇലവനാൽ, മാർ ജോസഫ് എരുമച്ചാടത്ത്, ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നിവർ അഭിനന്ദിച്ചു. തനിക്കു ലഭിച്ച ഷെവലിയർ പദവി ലോകമെമ്പാടുമുള്ള സഭയിലെ അല്മായ സമൂഹത്തിനുള്ള അംഗീകാരമാണെന്നും അവർക്കായി ഇത് സമർപ്പിക്കുന്നുവെന്നും വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, കാരിത്താസ് ഇന്ത്യയുടെ ബോർഡ് മെമ്പർ, ഹോം ഓഫ് ഇന്റർനാഷണൽ ഫെലോഷിപ്പ് ജനറൽ സെക്രട്ടറി, ലെയ്റ്റി വോയ്സ് ചീഫ് എഡിറ്റർ തുടങ്ങി ഒട്ടനവധി ദേശീയ അന്തർദ്ദേശീയ പ്രസ്ഥാനങ്ങളിൽ ഔദ്യോഗിക സ്ഥാനങ്ങളും വി.സി. സെബാസ്റ്റ്യൻ വഹിക്കുന്നു.

# മെൽബൺ രൂപത സ്ഥാപനവും മാർ ബോസ്കോ പുത്തൂരിന്റെ സ്ഥാനാരോഹണവും മാർച്ച് 25ന്

ബ്രിസ്ബൻ: സീറോ മലബാർ സഭാ ചരിത്രത്തിൽ സുപ്രധാനമായ ഒരധ്യായത്തിന് തുടക്കംകുറിച്ച് മെൽബൺ സെന്റ് തോമസ് രൂപത സ്ഥാപനവും ബിഷപ് മാർ ബോസ്കോ പുത്തൂരിന്റെ സ്ഥാനാരോഹണവും മാർച്ച് 25ന് നടക്കും.

മെൽബൺ സെന്റ് പാട്രിക് കത്തീഡ്രലിൽ നടക്കുന്ന ചരിത്ര നിമിഷത്തിന് സാക്ഷികളാകാൻ ഓസ്ട്രേലിയയിലെ നാൽപ്പതിനായിരത്തോളം വരുന്ന സഭാംഗങ്ങൾ ഒരുക്കം തുടങ്ങി. ഈസ്റ്റ് മെൽബൺ കത്തീഡ്രൽ പ്ലെയ്സിലുള്ള കത്തീഡ്രലിൽ വൈകുന്നേരം ഏഴിന് ചടങ്ങുകൾക്ക് തുടക്കം കുറിക്കും.



മാർ ബോസ്കോ പുത്തൂർ

മെൽബൺ ആർച്ച് ബിഷപ് ഡെന്നിസ് ഹാർട്ട് ചടങ്ങിൽ സ്വാഗതം ആശംസിക്കും. സീറോ മലബാർ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികത്വം വഹിക്കും. ഓസ്ട്രേലിയയയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ച് ബിഷപ് പോൾ ഗാലഗർ പേപ്പൽ ബൂളാ വായിക്കും. നിരവധി ബിഷപ്പുമാർ അടക്കമുള്ളവർ പങ്കെടുക്കുന്ന വർണാഭമായ ചടങ്ങിൽ ഓഷ്യാനയിലെ മുഴുവൻ വൈദികരും പങ്കെടുക്കും. നിയുക്ത മെൽബൺ രൂപത വികാരി ജനറാൾ ഫാ. ഫ്രാൻസിസ് കോലഞ്ചേരി ഇതുസംബന്ധിച്ചുള്ള കത്തുകൾ അയച്ചുവരികയാണ്. സീറോ മലബാർ സഭാ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ മെൽബൺ രൂപത ബിഷപ്പും ന്യൂസിലാൻഡിന്റെ അപ്പസ്തോലിക് വിസിറ്റേറ്ററുമായാണ് നിയമിതനായിരിക്കുന്നത്.

# തീരദേശജനതയുടെയും മലയോരങ്ങളിൽ ജീവിക്കുന്നവരുടെയും ആശങ്ക ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നവരെ തിരഞ്ഞെടുക്കാൻ ആഹ്വാനം

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതം ഒരിക്കൽ കൂടി പൊതുതിരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും മൂല്യങ്ങളും ഉറപ്പ് വരുത്താനുള്ള അവസരമാണ് തിരഞ്ഞെടുപ്പ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയും നന്മയും പാർലിമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. രാജ്യത്തിന്റെ പരമാധികാരവും ജനാധിപത്യവും ഭരണഘടനയും സമഭാവനയിലൂന്നിയ മതേതരത്വവും ആത്മീയതയിൽ അടിയുറച്ച സംസ്കാരവും സംരക്ഷിക്കാൻ കെല്പുള്ള ശക്തമായ ഭരണമാണ് കേന്ദ്രത്തിൽ വേണ്ടത്. ഇതിനെല്ലാം ആധാരമായ ശക്തി നമ്മുടെ തന്നെ കരങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന പൂർണബോധ്യത്തോടു കൂടി തിരഞ്ഞെടുപ്പിന് നാം തയ്യാറാകണം.

ഭാരത കത്തോലിക്കാമെത്രാൻസമിതി തങ്ങളുടെ അജപാലനലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന കാര്യം ഞങ്ങളും വ്യക്തമാക്കുന്നു. വോട്ടവകാശം വിവേകത്തോടും ശ്രദ്ധയോടും കൂടി വിനിയോഗിക്കാൻ ഓരോ പൗരനോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണത്. വോട്ടു ചെയ്യുക എന്നത് പൗരത്വപരമായ ദൗത്യമാണ്. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഓരോ പൗരനും ഉറപ്പുവരുത്തണം. വോട്ടവകാശം പാഴാക്കാതെ അതീവശ്രദ്ധയോടെ വിനിയോഗിക്കണം. വോട്ടു ചെയ്യുന്നതുവഴി രാഷ്ട്രനിർമ്മിതിയിലുള്ള നമ്മുടെ പങ്കാളിത്തമാണ് നാം പ്രഖ്യാപിക്കുന്നത്. ജനങ്ങളുടെ ഈ കടമയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു.

ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊത്ത് രാഷ്ട്രഗതിയെ നയിക്കാനും മാർഗഭ്രംശമുണ്ടായാൽ അതിനെ തിരുത്താനുമുള്ള ശക്തി ജനങ്ങളിൽത്തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ രാജ്യത്തെ ശക്തവും ശ്രേഷ്ഠവും സമ്പന്നവും നീതിനിഷ്ഠവുമാക്കാൻ ആവശ്യമായ കരുത്തും അർപ്പണബോധവും സ്വഭാവവൈശിഷ്ട്യവുമുള്ള സ്ഥാനാർത്ഥികളെ നാം തിരഞ്ഞെടുക്കണം. തീവ്രവാദം, ഭീകരപ്രവർത്തനങ്ങൾ, വർഗീയത തുടങ്ങിയവയെ ഫലപ്രദമായി നേരിടാനും ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കാനും മതേതര മൂല്യങ്ങൾ സംരക്ഷിക്കാനും എല്ലാവർക്കും നീതി ഉറപ്പാക്കാനും രാജ്യത്തെ സമഗ്രപുരോഗതിയിലേക്ക് നയിക്കാനും കഴിവുള്ള പാർട്ടികളെയും വ്യക്തികളെയും വിജയിപ്പിക്കണം. അഴിമതിയുടെ കറപുരളാത്തവരും മാനുഷിക-ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവരും ആയിരിക്കണം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വരവാദവും അക്രമരാഷ്ട്രീയവും മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കുന്നവരാകരുത് അവർ; ദേശീയ താത്പര്യങ്ങളും ജനങ്ങളുടെ ക്ഷേമവും അവഗണിച്ച് വ്യക്തിതാത്പര്യങ്ങൾക്കും പാർട്ടിതാത്പര്യങ്ങൾക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്നവരുമായിരിക്കരുത്. എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവ്വം സംരക്ഷിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നവർ കടപ്പെട്ടിരിക്കുന്നു. നാം ജാഗ്രത പുലർത്തിയാലേ ഇത് സാധിക്കൂ. നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിനു കൊടുക്കേണ്ട വലിയ വില.

എല്ലാ മതങ്ങളെയും തുല്യമായി കാണുകയും ഭാഷ, മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും മതേതരത്വം സംരക്ഷിക്കുകയും ചെയ്യുന്നവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക, പാർശ്വവത്കരിക്കപ്പെട്ടവർ, ദരിദ്രർ, സ്ത്രീകൾ മുതലായവരുടെ ക്ഷേമം ഉറപ്പുവരുത്തുക, ദളിത്

**കേരളത്തിലെ തീരദേശജനതയുടെയും മലയോരങ്ങളിൽ ജീവിക്കുന്നവരുടെയും ആശങ്ക ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നവരെ തിരഞ്ഞെടുക്കാൻ നമുക്ക് സാധിക്കണം. പരിസ്ഥിതിസംരക്ഷണം ജീവിതത്തിന്റെ ഭാഗമായി കണ്ടു പ്രവർത്തിക്കുന്ന വരാണ് കത്തോലിക്കാവിശ്വാസികൾ. എന്നാൽ മനുഷ്യരെ അവഗണിച്ച് ഭൂമിയെയും സസ്യജന്തുജീവജാലങ്ങളെയും സംരക്ഷിക്കാൻ പരിശ്രമിക്കുന്ന സമീപനങ്ങൾ തിരുത്താൻ കൂടി നമുക്ക് സാധിക്കണം. കടലോരത്തും മലയോരത്തും ജീവിക്കുന്ന ജനങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അടിയന്തര വിഷയമായി നാം പരിഗണിക്കണം.**

ക്രൈസ്തവർക്ക് അതേ സാമൂഹിക വ്യവസ്ഥിതിയിൽ പെട്ടവർക്കൊപ്പം തുല്യ സംവരണം ഏർപ്പെടുത്തുക, ദുർബല വിഭാഗത്തിൽപ്പെടുന്ന എല്ലാ ജനങ്ങളെയും മുഖ്യധാരയിൽ എത്തിക്കുവാൻ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളിൽ താത്പര്യമുള്ളവരായിരിക്കണം നമ്മുടെ ജനപ്രതിനിധികൾ. ഭാരതീയസംസ്കാരം ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക, മാനുഷികമൂല്യങ്ങൾക്കു ക്ഷയം സംഭവിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈശ്വരവിശ്വാസം, സത്യം, നീതി, സാഹോദര്യം, സമഭാവന, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവരുമായിരിക്കണം നമ്മുടെ ഭരണകർത്താക്കൾ. വിവാഹത്തിന്റെയും കുടുംബത്തിന്റെയും ജീവന്റെയും ഭദ്രതയും മൂല്യങ്ങളും സംരക്ഷിക്കുന്നതോടൊപ്പം ഗർഭഛിദ്രം, ദയാവധം തുടങ്ങിയ തിന്മകളെ ചെറുക്കുന്നവരുമായിരിക്കണം അവർ.

കേരളത്തിലെ തീരദേശജനതയുടെയും മലയോരങ്ങളിൽ ജീവിക്കുന്നവരുടെയും ആശങ്ക ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നവരെ തിരഞ്ഞെടുക്കാൻ നമുക്ക് സാധിക്കണം. പരിസ്ഥിതിസംരക്ഷണം ജീവിതത്തിന്റെ ഭാഗമായി കണ്ടു പ്രവർത്തിക്കുന്ന വരാണ് കത്തോലിക്കാവിശ്വാസികൾ. എന്നാൽ മനുഷ്യരെ അവഗണിച്ച് ഭൂമിയെയും സസ്യജന്തുജീവജാലങ്ങളെയും സംരക്ഷിക്കാൻ പരിശ്രമിക്കുന്ന സമീപനങ്ങൾ തിരുത്താൻ കൂടി നമുക്ക് സാധിക്കണം. കടലോരത്തും മലയോരത്തും ജീവിക്കുന്ന ജനങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അടിയന്തര വിഷയമായി നാം പരിഗണിക്കണം.

**(കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ബിഷപ് മാർ ജോസഫ് കരിയിൽ എന്നിവരാണ് ഈ സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നത്.)**

# മതേതരത്വവും ന്യൂനപക്ഷ അവകാശങ്ങളും സംരക്ഷിക്കുന്നവർക്ക് വോട്ട്: സിബിസിഐ

## പൊതു തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ അജപാലന ലേഖനം

നമ്മുടെ രാജ്യം വീണ്ടും പൊതുതെരഞ്ഞെടുപ്പിനു തയ്യാറാവുകയാണ്. ഇതു നമ്മെ സംബന്ധിച്ചിടത്തോളം സുപ്രധാന നിമിഷമാണ്. കാരണം, നമ്മുടെ രാജ്യത്തിന്റെ ആഭിമുഖ്യവും പുരോഗതിയും നമ്മുടെ അനുദിനജീവിതത്തിന്റെ ഭൂരിഭാഗവും പാർലമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വലിയ തോതിൽ ആശ്രയിച്ചിരിക്കുന്നു. അജപാലകരെന്ന നിലയിൽ ഈ ലേഖനത്തിലൂടെ നിങ്ങളോടു സംസാരിക്കുക ഞങ്ങളുടെ കടമയായി ഞങ്ങൾ കരുതുന്നു. സന്മനസ്സുള്ള സകലരോടും ഒത്തുചേർന്ന്, നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിനുള്ള സംഭാവന കാര്യക്ഷമമായി നല്കാൻ, നമുക്കു കഴിയണം.



ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന് വ്യക്തമായി പറയാൻ തുടക്കത്തിലേ ഞങ്ങൾ ആഗ്രഹിക്കുന്നു. വോട്ടുചെയ്യാൻ യോഗ്യതയുള്ള ഓരോ പൗരനെയും ആ കടമയും അവകാശവും വിവേകത്തോടും ശ്രദ്ധയോടും യുക്തിയുക്തതയോടുംകൂടി വിനിയോഗിക്കാൻ നിർബന്ധിക്കുന്നതിന് മെത്രാന്മാരെന്ന നിലയിൽ ഞങ്ങൾക്കു കടമയുണ്ട്. ജനങ്ങൾക്കുള്ള കടമയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു. ഓരോ വോട്ടിനും മൂല്യമുണ്ടെന്ന അവബോധം നമുക്കുണ്ടായിരിക്കണം. അതു നമ്മോടും നമ്മുടെ സന്തതികളോടും നമ്മുടെ രാജ്യത്തോടുമുള്ള കടപ്പാടാണ്. ഈ അവസരം നഷ്ടപ്പെടുത്താതിരിക്കണം. നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണിത്.

നമ്മുടെ സമൂഹം അഗാധമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും ജനതയുടെ ജീവിതത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. സാമൂഹികസമ്പർക്കം, ആന്തരികവ്യവസ്ഥിതി, പൊതുസൗകര്യങ്ങൾ മുതലായ മണ്ഡലങ്ങളിൽ അത്ഭുതകരമായ വികസനമാണ് കഴിഞ്ഞ ദശകത്തിലുണ്ടായത്. ആഗോളവത്കരണം നമ്മുടെ ജീവിതത്തിന്റെ ഓരോ വശത്തെയും സ്വാധീനിച്ചിട്ടുണ്ട്. അത് ഏറ്റവും അകന്ന ഗ്രാമീണപ്രദേശങ്ങളെപ്പോലും ബാധിച്ചിരിക്കുന്നു. അതേസമയം ആകുലതയ്ക്ക് ഇടം നല്കുന്ന പല മണ്ഡലങ്ങളുമുണ്ട്. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അസംഘടിത അനൗദ്യോഗിക -താത്കാലിക തൊഴിലാളികളിൽ അനേകർക്ക്, കിട്ടുന്നതുകൊണ്ട് ജീവൻ നിലനിറുത്താൻ പ്രയാസമായിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹികമേഖല എന്നിവയിലുള്ള പൊതുസ്ഥാപനങ്ങളെ സ്വകാര്യവത്കരണ പ്രവണത തകർക്കാൻ തുടങ്ങുകയാണ്. സമൂഹത്തിന് മാർഗനിർദ്ദേശം നല്കുന്ന തത്ത്വമെന്ന നിലയിലുള്ള ധാർമ്മികതയ്ക്ക് അതിന്റെ പരമാധികാരം നഷ്ടപ്പെടുകയാണ്. ദൈവത്തെ അരികുകളിലേക്ക് തള്ളിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ്, ഈ ചരിത്രനിമിഷത്തിലാണ്, നമ്മൾ തിരഞ്ഞെടുപ്പിലേക്കു കടക്കുന്നത്.

ജനങ്ങളുടെ ഉത്ക്കണ്ഠകൾ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്യുന്ന നേതാക്കന്മാരെ പൊതുതിരഞ്ഞെടുപ്പു നല്കുമെന്ന് കത്തോലിക്കാസഭ ഹൃദയപൂർവം പ്രത്യാശിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്ന നേതാക്കളെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്.

1) നമ്മുടെ രാഷ്ട്രത്തിന്റെ മതേതരത്വസ്വഭാവം ഉയർത്തിപ്പിടിക്കുകയും സമൂഹങ്ങൾ തമ്മിലുള്ള ഐക്യവും മതാന്തരസംവാദത്തിന്റെയും പരസ്പരധാരണയുടെയും ചൈതന്യവും വളർത്തുകയും ചെയ്യുന്ന ആളുകൾ.

2) സമൂഹത്തിലെ ന്യൂനപക്ഷങ്ങളെയും ദുർബലവിഭാഗത്തെയും പരിരക്ഷിക്കുകയും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരെ സമുദ്ധരിക്കുന്നതിന് അധ്വാനിക്കുകയും ചെയ്യുന്നവർ.

3) ഗോത്രവർഗക്കാർക്ക് ഭൂമി, ജലം, വനങ്ങൾ എന്നിവയുടെ മേലുള്ള അധികാരം സംരക്ഷിക്കുകയും, ദളിത്ക്രിസ്ത്യാനികൾക്ക് മറ്റുള്ള ദളിതർക്ക് തുല്യമായ അവകാശങ്ങൾ നല്കുകയും ചെയ്യുന്നവർ.

4) ദരിദ്രരെയും അധഃസ്ഥിതരെയും പ്രത്യേകമായി സഹായിക്കുന്നതിന് പരിശ്രമിക്കുന്ന ഒരു സാമ്പത്തികതയ്ക്കുവേണ്ടി പ്രവർത്തിക്കുകയും അവരുടെ മഹത്ത്വം സംരക്ഷിക്കുകയും രാഷ്ട്രനിർമ്മിതിയിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനം ഏറ്റെടുക്കാൻ ശക്തരാക്കുകയും ചെയ്യുന്നവർ.

5) നമ്മുടെ രാജ്യത്തിന്റെ കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുക. എല്ലാവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതസാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നവർ.

ഇതെല്ലാം ദേശീയപ്രശ്നങ്ങളാണ്. ഇതുപോലെ പ്രാദേശികവും സവിശേഷവുമായ ആവശ്യങ്ങളും പരിഗണിക്കേണ്ടിവരും.


പൊതുനന്മയ്ക്കുവേണ്ടി ഏറ്റവും നല്ലത് എന്താണെന്നു തിരിച്ചറിയാൻ വേണ്ടി ദിവ്യകാരുണ്യത്തിന്റെ മുമ്പിലും ഭവനത്തിലും പ്രാർത്ഥനയിൽ കുറേസമയം ചെലവഴിക്കാൻ ഞങ്ങൾ നിർബന്ധിക്കുന്നു. നല്ലൊരു ഗവൺമെന്റ് ഉണ്ടാകാൻ നമ്മൾ എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. ദൈവം തന്റെ പുത്രനെ അയച്ചത് നമുക്കു ജീവനുണ്ടാകാനും അതു പൂർണമായി ഉണ്ടാകാനുമാണ് (യോഹ 10:10). കർത്താവിന്റെ ശക്തിയോടെ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കൂടുതൽ നല്ല ഇന്ത്യക്കു വേണ്ടി നമുക്കെല്ലാവർക്കും ഒരുമയോടെ അധ്വാനിക്കാം. എപ്പോഴും നയിക്കാനും സംരക്ഷിക്കാനും നമുക്ക് സമൃദ്ധമായ കൃപകൾ നല്കാനും വേണ്ടി, കന്യകാമാതാവായ മറിയത്തിനു നമ്മുടെ രാജ്യത്തെ ഞങ്ങൾ സമർപ്പിക്കുന്നു.

**(ഭാരതീയ കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി സി.ബി.സി.ഐ. പ്രസിഡന്റ് ഓസ്വാൾഡ് കാർഡിനൽ ഗ്രേഷ്യസ് പുറപ്പെടുവിച്ചത്)**

# കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ സിബിസിഐ അധ്യക്ഷൻ, മാർ ആൻഡ്രൂസ് താഴത്ത് ഉപാദ്ധ്യക്ഷൻ

പാലാ: ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) യുടെ അധ്യക്ഷനായി മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയെയും ഉപാധ്യക്ഷനായി തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിനെയും തെരഞ്ഞെടുത്തു. പാലായിൽ നടന്ന സിബിസിഐ പ്ലീനറി സമ്മേളനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ വാർത്താ സമ്മേളനത്തിലാണ് പുതിയ പ്രസിഡന്റിനെയും വൈസ്പ്രസിഡന്റിനെയും മറ്റുഭാരവാഹികളെയും തെരഞ്ഞെടുത്ത വിവരം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.





നിലവിൽ സിബിസിഐ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുകയാണ് മാർ ബസേലിയോസ് ക്ലീമിസ്. കേരളാ കത്തോലിക്കാ മെത്രാൻ സംഘത്തി(കെസിബിസി)ന്റെ അധ്യക്ഷനായും പ്രവർത്തിച്ചുവരുകയാണ് അദ്ദേഹം. നിലവിലെ സിബിസിഐ അധ്യക്ഷനായ മുംബൈ ആർച്ച് ബിഷപ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് അധ്യക്ഷ സ്ഥാനം വഹിക്കാവുന്ന പരമാവധി നാലുവർഷക്കാലാവധി പൂർത്തിയാക്കിയതിനെ തുടർന്നാണ് പുതിയ അധ്യക്ഷനെ തെരഞ്ഞെടുത്തത്.

ആഗോള കത്തോലിക്കാ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ കർദിനാളായി തെരഞ്ഞെടുക്കപ്പെട്ട മാർ ക്ലീമിസിനെ അടുത്തിടെ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിലുള്ള ദേശീയോദ്ഗ്രഥന സമിതി (നാഷണൽ ഇന്റഗ്രേഷൻ കൗൺസിൽ-എൻഐസി) അംഗമായും തെരഞ്ഞെടുത്തിരുന്നു. പ്രധാനമന്ത്രി, പ്രതിപക്ഷ നേതാക്കൾ, മുതിർന്ന കേന്ദ്രമന്ത്രിമാർ, മുഴുവൻ മുഖ്യമന്ത്രിമാർ, വിവിധ ദേശീയ കമ്മീഷനുകളുടെ അധ്യക്ഷന്മാർ, ശ്രദ്ധേയ വ്യക്തികൾ, പത്രാധിപന്മാർ, വനിതാ പ്രതിനിധികൾ എന്നിവരാണ് ഈ സമിതിയിലുള്ളത്.

വിവിധ മതവിഭാഗങ്ങളുമായും മറ്റു ക്രൈസ്തവ സമൂഹങ്ങളുമായും വളരെ അടുത്ത ബന്ധമാണ് അദ്ദേഹം സൂക്ഷിക്കുന്നത്. അടുത്തയിടെ 2000 ഭവനരഹിതർക്കു വീടു വച്ചു നല്കുന്ന 'സ്നേഹപൂർവം ഒരു വീട്' എന്ന ബൃഹത്തായ പദ്ധതിക്ക് അദ്ദേഹം രൂപം നല്കിയിരുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ഹിന്ദു, മുസ്‌ലിം വിഭാഗങ്ങളിൽപ്പെട്ട 50 കുടുംബങ്ങൾക്കു വീട് നിർമിച്ചു നല്കിയ സംഭവം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

## പശ്ചിമഘട്ടം-ജനങ്ങളെ സംരക്ഷിക്കാൻ സാധിക്കാത്ത ജനപ്രതിനിധികൾ രാജിവയ്ക്കണം: സീറോ മലബാർ സഭ അല്മായ കമ്മീഷൻ



കൊച്ചി: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിരുദ്ധനിലപാടുകളിൽ പശ്ചിമഘട്ട ജനജീവിതം സങ്കീർണ്ണമയിരിക്കുമ്പോൾ ജനങ്ങളെ സംരക്ഷിക്കുവാൻ സാധിക്കാത്ത ജനപ്രതിനിധികൾ ജനങ്ങൾ നൽകിയ സ്ഥാനമാനങ്ങൾ രാജിവച്ചൊഴിഞ്ഞ് അന്തസുകാണിക്കുകയും ജനങ്ങളോടുള്ള ആത്മാർത്ഥത തെളിയിക്കുകയും ചെയ്യണമെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ ആവശ്യപ്പെട്ടു.

ജനസാന്ദ്രതയുള്ള വില്ലേജുകൾ പരിസ്ഥിതിലോലമായിരിക്കുമ്പോൾ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടി, തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി ചിരിച്ചുകൊണ്ടു കഴുത്തറക്കുന്ന രാഷ്ട്രീയ സമീപനം മാന്യതയല്ല. ജനകീയപ്രശ്നങ്ങളിൽ രാഷ്ട്രീയനേതൃത്വങ്ങളുടെ ഉപകരണങ്ങളായി അന്തസ്സും, അഭിമാനവും, ജനങ്ങളോടുള്ള കടപ്പാടും പ്രതിബദ്ധതയും ബലികഴിച്ച് ജനപ്രതിനിധികൾ തരംതാഴുന്നത് ജനാധിപത്യ സംവിധാനത്തിന് അപമാനകരമാണെന്നും അല്മായ കമ്മീഷൻ പറഞ്ഞു.

പരിസ്ഥിതിസംരക്ഷണ നിയമത്തിന്റെ സെക്ഷൻ 5 പ്രകാരം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉന്നതാധികാരമുപയോഗിച്ചും, മുന്നറിയിപ്പുകളില്ലാതെ നോട്ടിഫൈ ചെയ്യാമെന്നതിൻപ്രകാരവും, പുറപ്പെടുവിച്ചിരിക്കുന്ന നവംബർ 13ലെ ഉത്തരവ് ഇതിനോടകം 90 ദിവസം പിന്നിട്ടിരിക്കുമ്പോൾ, പിൻവലിക്കുമെന്നു പറയുന്നതിലെ നിയമസാധുത സംശയകരമാണ്. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ചുപറയുന്നവർ ഈ ജനദ്രോഹ ഉത്തരവിനെക്കുറിച്ച് വിശദമായി പഠിക്കാത്തവരും ഇത്തരം ഉത്തരവുകൾ കഴിഞ്ഞ നാളുകളിൽ ബാധകമായ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലുള്ള പരിസ്ഥിതിലോല വില്ലേജുകളിലെ ജനങ്ങളുടെ ദുസ്സഹജീവിതം അന്വേഷിക്കാത്തവരുമാണ്. 2006-ൽ ലോകപൈതൃകപദവിക്കായുള്ള ഇന്ത്യയുടെ അപേക്ഷ യുനസ്കോ നിരുപാധികം തള്ളി. കാരണം സൂചിപ്പിച്ചത് കൃഷിഭൂമികളും, തോട്ടങ്ങളും, മനുഷ്യവാസമുള്ള സ്ഥലങ്ങളും, ഡാമുകളും പശ്ചിമഘട്ടത്തിലുണ്ടെന്നാണ്. 2009-ൽ വീണ്ടും സമർപ്പിച്ച അപേക്ഷ 2010-ലും 2011-ലും ഭേദഗതികൾ വരുത്തി 2012-ൽ അംഗീകരിച്ചു. 9 മാസക്കാലം ഗാഡ്ഗിൽ റിപ്പോർട്ട് രഹസ്യമായിവെച്ച കേന്ദ്രസർക്കാർ എന്തുറപ്പുകൊടുത്താണ് ലോകപൈതൃകപദവി വാങ്ങിച്ചെടുത്തതെന്ന് വ്യക്തമാക്കുന്നതിൽ അടവുനയം സ്വീകരിച്ചിരിക്കുന്നത് ദുരൂഹതയേറുന്നു.

വെസ്റ്റേൺ ഘട്ട് നാച്യുറൽ ഹെറിറ്റേജ് കമ്മിറ്റിയും, വെസ്റ്റേൺ ഘട്ട് എക്കോളജി എക്സ്പേർട്ട് പാനലും പരസ്പര പൂരകങ്ങളാണെന്നും വെസ്റ്റേൺ ഘട്ട് എക്കോളജി അഥോറിറ്റി നിലവിൽ വന്നാൽ പശ്ചിമഘട്ടത്തിൽ ജനവാസം ഒഴിവാക്കാമെന്നു സൂചന നൽകുന്ന റിപ്പോർട്ടുകൾ ലോകപൈതൃകസമിതിക്കു മുമ്പാകെ കേന്ദ്രസർക്കാർ സമർപ്പിച്ചിരിക്കുമ്പോൾ ഭരണ ഉദ്യോഗസ്ഥ നേതൃത്വങ്ങളുടെ വഞ്ചനയുടെ ഇരകളായി പശ്ചിമഘട്ടജനത മാറിയിരിക്കുന്നു. കേരളത്തിലെ ഇടതു വലതു മുന്നണികൾക്കും വിവിധ രാഷ്ട്രീയ പാർട്ടികൾക്കും പശ്ചിമഘട്ടത്തിലെ ജനപ്രതിനിധികൾക്കും ഇതിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഉപകരണങ്ങളാക്കി രാഷ്ട്രീയ നേട്ടങ്ങൾ കൊയ്യാനുള്ള സ്ഥിരം തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ വിലപ്പോവില്ലെന്നും അല്മായ കമ്മീഷൻ പറഞ്ഞു.

## സീറോ മലബാർ വനിതാഫോറം ഓഫീസ് ഉദ്ഘാടനം ചെയ്തു

സീറോ മലബാർ വനിതാഫോറം കേന്ദ്ര ഓഫീസ് ആലുവ സിഎംസി ജനറലേറ്റിലുള്ള വിമൻ വെൽഫയർ സെന്ററിൽ ഉദ്ഘാടനം ചെയ്തു. മദർ ജനറൽ സിസ്റ്റർ സാങ്റ്റാ സിഎംസി നാടമുറിക്കുകയും റവ.ഡോ.ജോസ് ചിറമേൽ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്നു നടന്ന സമ്മേളനത്തിൽ വനിതാഫോറം ദേശീയ പ്രസിഡന്റ് ശ്രീമതി ഡൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഡോ.ജോസഫ് കൊച്ചുപറമ്പിൽ ആമുഖ സന്ദേശം നൽകി. ആഗോളതലത്തിൽ സഭയിലെ വനിതാ സമൂഹത്തെ കോർത്തിണക്കി ശക്തിപ്പെടുത്തുകയെന്നതാണ് വനിതാ ഫോറം ലക്ഷ്യമിടുന്നത്. വിവിധ രൂപതകളിൽ പ്രവർത്തിക്കുന്ന വനിതാപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതുമാണ്.

സിസ്റ്റർ ജോൺസി സിഎംസി, ശ്രീമതി ജിജി ജേക്കബ്, റാണി മത്തായി, ബെറ്റ്സി ഷാജി തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിന് ദേശീയ സെക്രട്ടറി ശ്രീമതി ലിസി വർഗീസ് ആലപ്പാട്ട് സ്വാഗതവും ശ്രീമതി ആലീസ് സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

40

കഴിഞ്ഞ ലക്കം തുടർച്ച.......

## പ്രേഷിതപ്രവർത്തനം

**വൈദികർ ക്രിസ്തുവിന്റെ പ്രാതിനിധ്യം വഹിക്കുന്നവരും പ്രകൃത്യാതന്നെ സഭയുടെ പ്രേഷിതത്വത്തോട് ബന്ധപ്പെട്ടിരിക്കുന്ന മെത്രാൻപദവിയുടെ ത്രിവിധ ദിവ്യധർമ്മങ്ങളിൽ സഹകാരികളുമാണ്. അതിനാൽ വൈദികർ നന്നായി ഗ്രഹിക്കട്ടെ, പ്രേഷിത സേവനത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടതാണ് തങ്ങളുടെ ജീവിതമെന്ന്.**



38. ശ്ലൈഹികസംഘത്തിന്റെ പിന്തുടർച്ചയ്ക്കായി മെത്രാന്മാരുടെ സംഘത്തിലെ അംഗങ്ങളെന്ന നിലയിൽ എല്ലാ മെത്രാന്മാരും ഒരു പ്രത്യേക രൂപതയ്ക്കുവേണ്ടി മാത്രമല്ല ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടിയുമാണ് അഭിഷിക്തരായിരിക്കുന്നത്. സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ക്രിസ്തുവിന്റെ കല്പന (മർക്കോ.16:15) പത്രോസിനോടുകൂടിയും പത്രോസിന്റെ നേതൃത്വത്തിലും അവരേയും പ്രഥമമായും നേരിട്ടും സ്പർശിക്കുന്നു. സുവിശേഷ പ്രചാരണവേലയ്ക്ക് ഇന്നാവശ്യമായിരിക്കുന്ന സഭകൾ തമ്മിലുള്ള കൂട്ടായ്മയും പരസ്പരസഹകരണവും ഇതിൽനിന്നാണ് പുറപ്പെടുന്നത്. ക്രിസ്തുവിന്റെ മൗതിക ശരീരത്തെ വികസിപ്പിക്കുന്നതിനുള്ള കടമ മെത്രാന്മാരുടെ സംഘം മുഴുവന്റേതുമാണ്. ഈ കൂട്ടായ്മയുടെ പിൻബലത്താൽ ഓരോ സഭയും മറ്റെല്ലാ സഭകളുടെയും കാര്യത്തിൽ തൽപരരായിരിക്കണം. പ്രസ്തുത സഭകൾ പരസ്പരം തങ്ങളുടെ ആവശ്യങ്ങൾ അറിയിക്കുകയും ഓരോന്നിനും സ്വന്തമായിട്ടുള്ളവ പരസ്പരം കൈമാറുകയും ചെയ്യുന്നു.

തന്നോട് ഏകീഭവിച്ചിരിക്കുന്ന സ്വന്തം രൂപതയിൽ പ്രേഷിതപ്രവർത്തനങ്ങളെ മെത്രാൻ തട്ടിയുണർത്തുകയും പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് രൂപത മുഴുവൻ പ്രേഷിത ചൈതന്യത്താൽ പൂരിതമാക്കുന്നതിനുവേണ്ടി ദൈവജനത്തിന്റെ പ്രേഷിതാരൂപിയും തീക്ഷ്ണതയും അനുഭവവേദ്യവും ദൃശ്യവുമാക്കിത്തീർക്കുന്നു.

ലോകം മുഴുവന്റെയും സുവിശേഷപ്രബോധനത്തിനായി ദൈവസന്നിധിയിൽ പ്രാർത്ഥനകളും പരിത്യാഗങ്ങളും തുറന്ന ഹൃദയത്തോടെ അർപ്പിക്കുന്നതിനു സ്വന്തം അജഗണത്തിൽപെട്ടവരെ, പ്രത്യേകിച്ചും രോഗികളെയും കഷ്ടതയനുഭവിക്കുന്നവരെയും പ്രോത്സാഹിപ്പിക്കണം. യുവാക്കളുടെയും വൈദികരുടെയും ഇടയിൽ മിഷൻ സ്ഥാപനങ്ങളിലേയ്ക്കുള്ള ദൈവവിളിയെ മെത്രാൻ സന്തോഷത്തോടെ പരിപോഷിപ്പിക്കണം. സഭയുടെ പ്രേഷിതവേലയ്ക്കായി അവരിൽ ചിലരെ ദൈവം തിരഞ്ഞെടുക്കുന്നപക്ഷം അത് കൃതജ്ഞതാപൂർവ്വം സ്വീകരിക്കണം. രൂപതയിലെ സന്യാസിസഭകളെ പ്രേഷിതരംഗങ്ങളിൽ അവരുടേതായ പങ്കുവഹിക്കാൻ ഉദ്ബോധിപ്പിക്കുകയും സഹായിക്കുകയും ചെയ്യാനുള്ള കടമയും മെത്രാനുണ്ട്. സ്വന്തം വിശ്വാസികളുടെ ഇടയിലുള്ള പ്രേഷിതസ്ഥാപനങ്ങളുടെ, എന്നാൽ പ്രത്യേകിച്ച് പേപ്പൽ പ്രേഷിതസംഘങ്ങളുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിക്കണം. പേപ്പൽ പ്രേഷിതസ്ഥാപനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യം മുതൽ സാക്ഷാൽ സാർവ്വത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്നതുകൊണ്ട് അതിനു പ്രഥമസ്ഥാനം നൽകുക യുക്തമത്രേ.

നാഥന്റെ മുന്തിരിത്തോപ്പിൽ വേലക്കാരുടെ ആവശ്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയും ലോകത്തിൽ സുവിശേഷം അറിയിക്കുന്നതിൽ എന്നത്തേതിലും വലുതായ പങ്കുവഹിക്കുവാൻ രൂപതാവൈദികൻ വലുതായ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ അനേകസ്ഥലങ്ങളിൽ സുവിശേഷപ്രബോധനത്തെ തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള വൈദികരുടെ രൂക്ഷമായ വിരളത പരിഗണിച്ച് പ്രേഷിതവേലയ്ക്കായി മുന്നോട്ടുവരുന്നവരിൽ ഉത്തമരായ കുറെ വൈദികരെ തക്ക പരിശീലനം നൽകി വൈദികവിരളത അനുഭവപ്പെടുന്ന രൂപതകളിലേയ്ക്ക് മെത്രാന്മാർ അയയ്ക്കണമെന്ന് സൂനഹദോസ് അഭിലഷിക്കുകയാണ്. കുറേക്കാലത്തേയ്ക്കെങ്കിലും സേവനത്തിന്റെ അരൂപിയിൽ അവിടെ പ്രേഷിതശുശ്രൂഷ അവർ നിർവഹിക്കട്ടെ.

സഭ മുഴുവന്റെയും നന്മയ്ക്കുവേണ്ടി കൂടുതൽ ഫലദായകമായ വിധത്തിൽ പ്രേഷിതവേല നിർവഹിക്കുവാൻ മെത്രാന്മാർ പ്രാപ്തരാകുന്നതിന് മെത്രാന്മാരുടെ കോൺഫ്രൻസുകൾ അവരവരുടെ പ്രദേശങ്ങളിലെ ക്രമീകൃതമായ സഹകരണത്തെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി വ്യവസ്ഥ ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും.

മെത്രാന്മാർ അവരുടെ കോൺഫ്രൻസുകളിൽ ജനതകൾക്ക് സുവിശേഷവെളിച്ചം പകരുവാൻ രൂപതാവൈദികരിൽനിന്ന് കുറെപ്പേരെ നിയോഗിക്കേണ്ടതിനെപ്പറ്റിയും ഓരോ രൂപതയും അതാതിന്റെ വരുമാനങ്ങൾക്ക് ആനുപാതികമായി പ്രതിവർഷം മിഷൻ പ്രവർത്തനങ്ങൾക്കായി നൽകേണ്ട നിശ്ചിതസംഭാവനയെപ്പറ്റിയും മിഷൻപ്രവർത്തനങ്ങൾക്കു നേരിട്ടു സഹായം നൽകുന്ന മാർഗങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനെപ്പറ്റിയും പ്രേഷിതസ്ഥാപനങ്ങളും രൂപതാവൈദികർക്കുള്ള മിഷൻസെമിനാരികളെ സഹായിക്കുകയോ, ആവശ്യമെങ്കിൽ, അവ സ്ഥാപിക്കുകയോ ചെയ്യുന്നതിനെപ്പറ്റിയും ഈ സ്ഥാപനങ്ങളും രൂപതയും തമ്മിൽ ഗാഢമായ ബന്ധം പുലർത്തുന്നതിനെപ്പറ്റിയും ആലോചിക്കണം.

പഠനത്തിനും ജോലികൾക്കുമായി മിഷൻ രാജ്യങ്ങളിൽനിന്നു കുടിയേറുന്നവരെ സാഹോദര്യപൂർവ്വം സ്വാഗതം ചെയ്യുന്നതിനും ഉചിതമായി അജപാലനസേവനം വഴി അവരെ സഹായിക്കുന്നതിനുമുള്ള പദ്ധതികളെ ആവിഷ്കരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് മെത്രാന്മാരുടെ കോൺഫ്രൻസ് തന്നെയാണ്. അവരിലൂടെ വിദൂരസ്ഥരായ ജനതകൾ ഒരുതരത്തിൽ സമീപസ്ഥരായിത്തീരുകയും തലമുറകളായി ക്രൈസ്തവമായിരുന്ന സമൂഹങ്ങൾക്ക് സുവിശേഷത്തെപ്പറ്റി കേൾക്കുകപോലും ചെയ്തിട്ടില്ലാത്ത ജനതകളുമായി സമ്പർക്കം പുലർത്തുന്നതിനും, തങ്ങളുടെ പരസ്നേഹത്തിന്റെയും സഹായത്തിന്റെയും സേവനംവഴി ക്രിസ്തുവിന്റെ യഥാർത്ഥ ചിത്രം അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുമുള്ള സുവർണ്ണാവസരം കരഗതമാകുകയും ചെയ്യുന്നു.

39. വൈദികർ ക്രിസ്തുവിന്റെ പ്രാതിനിധ്യം വഹിക്കുന്നവരും പ്രകൃത്യാതന്നെ സഭയുടെ പ്രേഷിതത്വത്തോട് ബന്ധപ്പെട്ടിരിക്കുന്ന മെത്രാൻപദവിയുടെ ത്രിവിധ ദിവ്യധർമ്മങ്ങളിൽ സഹകാരികളുമാണ്. അതിനാൽ വൈദികർ നന്നായി ഗ്രഹിക്കട്ടെ, പ്രേഷിത സേവനത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടതാണ് തങ്ങളുടെ ജീവിതമെന്ന്. സഭയുടെ പൂർത്തീകരണത്തിന്റെ ഉറവിടമെന്ന നിലയിൽ ദിവ്യകാരുണ്യത്തെ പ്രധാനമായി കൈകാര്യം ചെയ്യുന്ന അവർ സ്വന്തമായ ശുശ്രൂഷവഴി ശിരസ്സായ ക്രിസ്തുവുമായി സമ്പർക്കം പാലിക്കുകയും മറ്റുള്ളവരെ ഈ സമ്പർക്കത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നതോടെ മൗതിക ശരീരത്തിന്റെ പൂർത്തീകരണത്തിൽനിന്ന് തങ്ങൾ എത്ര വിദൂരത്താണെന്നും അത് അനുദിനം വളർന്നുവരുന്നതിന് എന്തുമാത്രം ഇനിയും പ്രവർത്തിക്കേണ്ടതുണ്ടെന്നും ബോധ്യമാകുന്നു. തന്മൂലം അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പ്രചിരിപ്പിക്കുന്നതിന് ഉപകരിക്കത്തക്ക വിധത്തിൽ അവർ തങ്ങളുടെ അജപാലനപ്രവർത്തനം സംവിധാനം ചെയ്യണം.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

# സീറോ മലബാർ സഭ അല്മായ സമ്മേളനം ദുബായിൽ നടന്നു

ദുബായ്: സീറോ മലബാർ സഭ അല്മായ സമ്മേളനം ദുബായിൽ നടന്നു. സമ്മേളനത്തിൽ ഷെവലിയർ പദവി ലഭിച്ച സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യന് ദുബായ് സീറോ മലബാർ കമ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ ഊഷ്മള വരവേൽപ് നൽകി. ജംസ് ഇന്റർനാഷണൽ ഓഡിറ്റോറിയത്തിൽ നടന്ന സ്വീകരണാനുമോദന സമ്മേളനത്തിൽ ദുബായ് സീറോ മലബാർ കമ്യൂണിറ്റി പ്രസിഡന്റ് സെബാസ്റ്റ്യൻ തോമസ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് തോമസ് ജോർജ് പൊന്നാടയണിയിച്ചു. ആഗോളതലത്തിൽ സീറോ മലബാർ സഭ അല്മായ പ്രവർത്തനങ്ങൾ വളരെ സജീവമായിരിക്കുന്നുവെന്നും പ്രവാസി ജീവിതത്തിലും സഭയുടെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ചുകൊണ്ട് ജീവിതം ക്രമീകരിക്കുന്ന വിശ്വാസിസമൂഹം സഭയ്ക്കഭിമാനമേകുന്നുവെന്നും ഷെവലിയർ വി.സി. സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

ഷാർജ സീറോ മലബാർ കമ്യൂണിറ്റി പ്രസിഡന്റ് ബേബി കെ.കെ., ദുബായ് സീറോ മലബാർ കമ്യൂണിറ്റി ഭാരവാഹികളായ രാജീവ് എബ്രഹാം, ജോഷി മാത്യു, ബെന്നി പുല്ലാട്ട്, ടോം കളത്തിൽ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.



ദുബായ് സീറോ മലബാർ കമ്യൂണിറ്റി ജോയിന്റ് സെക്രട്ടറി രാജീവ് എബ്രഹാം, വൈസ് പ്രസിഡന്റ് തോമസ് ജോർജ്, മുൻപ്രസിഡന്റ് ജെയിംസ് ജോസഫ്, പ്രസിഡന്റ് സെബാസ്റ്റ്യൻ തോമസ്, എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളായ ബെന്നി പുല്ലാട്ട്, ടോം ജോസഫ്, ഷിന്റോ മാത്യു, ട്രഷറർ ജോഷി മാത്യു എന്നിവർ ഷെവലിയർ വി.സി.സെബാസ്റ്റ്യനോടൊപ്പം.

## സീറോ മലബാർ കമ്യൂണിറ്റി (എസ്.എം.സി.) ഷാർജ 2013-2015 വർഷത്തിലെ ഭാരവാഹികളെ തെരഞ്ഞെടുത്തു

ഷാർജ സെന്റ് മൈക്കിൾസ് ദൈവാലയത്തിലെ സീറോ മലബാർ വിശ്വാസികളുടെ കൂട്ടായ്മയായ സീറോ മലബാർ കമ്യൂണിറ്റി (എസ്.എം.സി.)യുടെ 2013-2015 വർഷത്തിലെ ഭാരവാഹികളെ തെരഞ്ഞെടുത്തു. കേരളകത്തിലെ 13 സീറോ മലബാർ രൂപതകളിൽ നിന്നുമായി ഷാർജ സെന്റ് മൈക്കിൾസ് ദൈവാലയത്തിലെ ഒട്ടനവധി സീറോ മലബാർ വിശ്വാസികൾ അന്നേദിവസം നടന്ന വിശുദ്ധ കുർബാനയിലും തുടർന്നു നടന്ന തിരഞ്ഞെടുപ്പിലും സന്നിഹിതരായിരുന്നു. ആദ്യഘട്ട തെരഞ്ഞെടുപ്പിൽ അതിരൂപത-രൂപത അടിസ്ഥാനത്തിൽ 2 പ്രതിനിധികളെ വീതം കണ്ടെത്തുകയും തുടർന്ന് തിരഞ്ഞടുക്കപ്പെട്ട 26 പ്രതിനിധികൾ ചേർന്ന് 9 പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

### എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| പ്രസിഡന്റ് | ബബി കൊച്ചപ്പൻ കാനംകൂടം |
| വൈസ് പ്രസിഡന്റ് | ജെയിംസ് ചെറുശ്ശേരിൽ |
| സെക്രട്ടറി | റെജി തോമസ് മൂത്തേടൻ |
| ജോയിന്റ് സെക്രട്ടറി | സജി അലക്സ് കാലായിൽ |
| ട്രഷറർ | ഫ്രാങ്ക് തോമസ് വള്ളിപ്പാലം |
| കമ്മിറ്റി അംഗങ്ങൾ | വിന്റോ തോമസ് വടക്കേമുണ്ടാനിയിൽ |
| | ലിയോ പോൾ കുണ്ടുകുളം |
| | ചാക്കോ കുറ്റിക്കാട്ട് |
| | ബാബു ജോസഫ് വൻപുഴ |
| കമ്മിറ്റി അഡ്വൈസർ | ടോം അലക്സ് വഴുതനപ്പള്ളി |

## തടവുകാരുമായി മാർപാപ്പ കൂടിക്കാഴ്ച നടത്തി



വത്തിക്കാൻ സിറ്റി: ഇറ്റാലിയൻ ജയിലുകളിൽ കഴിയുന്ന 19 തടവു കാരുമായി ഫ്രാൻ സിസ് മാർപാപ്പ കൂടിക്കാഴ്ച നട ത്തി. വത്തിക്കാനിൽ മാർപാപ്പ താമസിക്കുന്ന സെയി ന്റ് മാർത്താ ഡോർ മിറ്ററിയിൽ നടന്ന കൂടിക്കാഴ്ച 45 മിനിട്ടു ദീർഘിച്ചു. എല്ലാവരുടെയും തലയിൽ കൈവച്ചു മാർപാപ്പ അനുഗ്രഹിച്ചു. പിസാ, പിയാനോസ ജയിലുകളിലെ തടവുകാരായ ഇവർ തീർഥാടനത്തിനായി ജയിലധികൃതർക്കൊപ്പം വത്തിക്കാനിലെത്തിയതാണ്.

ഇതാദ്യമായല്ല മാർപാപ്പ തടവുകാരുമായി സമയം ചെലവഴിക്കുന്നത്. പെസഹാവ്യാഴത്തിലെ തിരുക്കർമ്മങ്ങളിൽ തടവുകാരുടെ പാദങ്ങളാണ് അദ്ദേഹം കഴുകിയത്.

## വനിതാഫോറം പ്രഫഷണൽസ് മീറ്റ് മാർച്ച് 9ന്

സീറോ മലബാർ വനിതാഫോറം 2014 മാർച്ച് 9ന് ആലുവ സിഎംസി ജനറലേറ്റിലുള്ള ഓഫീസിൽവച്ച് പ്രഫഷണൽസ് മീറ്റ് സംഘടിപ്പിക്കുന്നു. ദൈവം നൽകിയ നിരവധി കഴിവുകളും സാധ്യതകളും സഭയ്ക്കും സമുദായത്തിനുമായി ഉപയോഗിക്കുവാൻ വനിതകളെ കഴുവുള്ളവരാക്കിത്തീർക്കുക എന്നതാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം. സമ്മേളനത്തിൽ സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, അല്മായ കമ്മീഷൻ കൺസൾട്ടേഷൻ കൗൺസിൽ അംഗം ഡോ,കൊച്ചുറാണി ജോസഫ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതും പ്രഗത്ഭർ ക്ലാസുകൾ നയിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതുമാണ്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ, അഡ്വ.ജോസ് വിതയത്തിൽ, എലിസബത്ത് (തൃശൂർ), ജോളി ജോയി ആലുക്ക (തൃശൂർ), റാണി മത്തായി (എറണാകുളം), മാഗി ജോസ് (പാല),ആനി ജോസഫ് (തൊടുപുഴ)എന്നിവരെ യോഗത്തിൽ ആദരിക്കുന്നതാണ്. രാവിലെ 9.30ന് പരിശുദ്ധ കുർബാനയോടെ ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30ന് സമാപിക്കും.

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

# ഷെവലിയർ വി.സി.സെബാസ്റ്റ്യന് ഷാർജയിൽ സ്വീകരണം നൽകി

ഷാർജ: ആഗോള കത്തോലിക്കാ സഭ അല്മായർക്കു നൽകുന്ന പരമോന്നത ബഹുമതിയായ ഷെവലിയർ പദവി ലഭിച്ച സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്റ്റ്യന് സീറോ മലബാർ കൊയ്നോനിയയുടെ ആഭിമുഖ്യത്തിൽ ഷാർജയിൽ സ്വീകരണം നൽകി. പ്രസിഡന്റ് ജോസഫ് ചാക്കോയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ജോർജ് കോലഞ്ചേരി ഉദ്ഘാടനം ചെയ്തു. ജോസഫ് കളം, ജാൻസ് അഗസ്റ്റിൻ, ജസ്റ്റിൻ കട്ടക്കയം, റാഫേൽ കെ.വി., ജോസ് ജോസഫ് (അജ്മാൻ), മാത്യു സെബാസ്റ്റ്യൻ, ലെമി തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് മറുപടി പ്രസംഗത്തിൽ തനിക്കു ലഭിച്ച ഈ അംഗീകാരം സഭയിലെ മുഴുവൻ അല്മായർക്കും വേണ്ടി സമർപ്പിക്കുന്നതായും പ്രവാസികളായ അല്മായ സഹോദരങ്ങളുടെ ആവശ്യങ്ങളോടൊപ്പം തന്റെ സഹായവും പ്രാർത്ഥനയും എപ്പോഴുമുണ്ടായിരിക്കുമെന്ന് വി.സി.സെബാസ്റ്റ്യൻ പറഞ്ഞു. ബെന്നി ഇടയാടി സ്വാഗതവും സിനി ഷാജി കൃതജ്ഞതയും പറഞ്ഞു. തോമസ് സെബാസ്റ്റ്യൻ, ബൈജു കുര്യൻ, ഷാജി കുര്യാക്കോസ്, സുരേഷ് വാടാന, തോമസ് ചിറ്റിലപ്പിള്ളി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകി.



ഷെവലിയർ പദവി ലഭിച്ച സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്റ്റ്യന് ഷാർജ സീറോ മലബാർ കൊയ്നോനിയയുടെ ആഭിമുഖ്യത്തിൽ നൽകിയ സ്വീകരണസമ്മേളനം ജോർജ് കോലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. ഷാജി കുര്യാക്കോസ് (അജ്മാൻ), റാഫേൽ കെ.വി., ജോസഫ് കളം, സീറോ മലബാർ കൊയ്നോനിയ പ്രസിഡന്റ് ജോസഫ് ചാക്കോ, ബെന്നി ഇടയാടി, ജോ കാവാലം, ജോസ് ജോസഫ് എന്നിവർ സമീപം.

# ഓക്‌ലന്റിൽ സൺഡേ സ്കൂൾ ഉദ്ഘാടനവും സമ്മാനദാനവും

ന്യൂസിലന്റ്: ഓക്‌ലന്റ് സീറോ മലബാർ കാത്തലിക് മിഷൻ സൺഡേ സ്കൂളിന്റെ ഈ അദ്ധ്യയനവർഷത്തെ ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനവും കഴിഞ്ഞവർഷത്തെ വിജയികൾക്കുള്ള സമ്മാനദാനവും സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാനും, കാറ്റക്കിസം കമ്മീഷൻ അംഗവുമായ കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവഹിച്ചു. പള്ളിയിലെത്തിച്ചേർന്ന ബിഷപ്പിനെ മിഷൻ ചാപ്ലിൻ ഫാ.ജോയി തോട്ടങ്കര, അസിസ്റ്റന്റ് ചാപ്ലിൻ ഫാ.ജോബിൻ വന്യംപറമ്പിൽ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സൺഡേ സ്കൂൾ കുട്ടികളും മാതാപിതാക്കളും ചേർന്ന് സ്വീകരിച്ചാനയിച്ചു. തുടർന്ന് സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ നടന്ന ആഘോഷമായ പാട്ടുകുർബാനയിൽ ബിഷപ് മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ.ജോയി, ഫാ.ജോബിൻ, ഫാ.സ്റ്റീഫൻ കണ്ടാരപ്പള്ളിയിൽ (മെൽബൺ) എന്നിവർ സഹകാർമ്മികരായിരുന്നു. പ്രവാസ ജീവിതത്തിൽ വിശ്വാസപരിശീലനത്തിന്റെ ആവശ്യകത കുർബാനമദ്ധ്യേ ബിഷപ് ഊന്നിപ്പറഞ്ഞു. കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ ഭദ്രദീപം തെളിച്ച് സൺഡേസ്കൂൾ ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനം പിതാവ് നിർവ്വഹിച്ചു. സീറോ മലബാർ മിഷന്റെ ഉപഹാരം ഫാ.ജോയി തോട്ടങ്കര ബിഷപ്പിന് സമ്മാനിച്ചു. ട്രസ്റ്റി ടോമി ജോസഫ് നന്ദിയർപ്പിച്ചു. സ്നേഹവിരുന്നോടെ ചടങ്ങുകൾ അവസാനിച്ചു.

# ക്രൈസ്തവ സന്യസ്തരുടെ സേവനം മഹത്തരം: സ്വാമി ശിവസ്വരൂപാനന്ദ



കൊച്ചി: കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ സന്യസ്തർ നിർവഹിക്കുന്ന സേവനങ്ങൾ മഹത്തരവും അതുല്യവുമാണെന്ന് ആലുവ അദ്വൈതാശ്രമം പ്രസിഡന്റ് സ്വാമി ശിവസ്വരൂപാനന്ദ. കേരള കത്തോലിക്കാ സഭയിലെ സന്യാസ സമർപ്പിതരുടെ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസരംഗത്തും, ആതുരശുശ്രൂഷാരംഗത്തും, സാമൂഹികരംഗത്തും ക്രൈസ്തവർ നിർവഹിച്ച സേവനങ്ങളാണു കേരളത്തെ ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമാക്കിയത്. നാടിനെ മതസൗഹാർദത്തിന്റെയും സാഹോദര്യത്തിന്റെയും വേദിയാക്കിയതും ഈ സേവനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

കെസിഎംഎസ് പ്രസിഡന്റ് റവ.ഡോ. ഫ്രാൻസിസ് കൊടിയൻ അധ്യക്ഷത വഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ മുഖ്യപ്രഭാഷണം നടത്തി. സിആർഐ ദേശീയ പ്രസിഡന്റ് റവ.ഡോ.വി.എം. തോമസ് മുഖ്യാതിഥിയായിരുന്നു. സിസ്റ്റർ രമ്യ, സിസ്റ്റർ ഫാബി ജോസഫ് എന്നിവർ പ്രസംഗിച്ചു.

ഓസ്ട്രേലിയയിലെ (മെൽബോൺ) മാർത്തോമ്മാ ശ്ലീഹാ സീറോ മലബാർ സഭാ രൂപതയ്ക്കും വിശ്വാസിസമൂഹത്തിനും അല്മായ കമ്മീഷന്റെയും ലോകമെമ്പാടുമുള്ള വിശ്വാസിസമൂഹത്തിന്റെയും പ്രാർത്ഥനാശംസകൾ


ഉടൻ പ്രക്ഷേപണം

കാനാൻദേശം
the bible reality show

ഡിവൈൻ ഗുഡ്നെസ് ടിവി ചാനലുകളിൽ

# സീറോ മലബാർ ഗൾഫ് കോ – ഓർഡിനേറ്റർമാരുടെ സമ്മേളനം ദുബായിൽ നടന്നു

**സെബാസ്റ്റ്യൻ തോമസ്**

ദുബായ്: സീറോ മലബാർ ഗൾഫ് കോ-ഓർഡിനേറ്റർമാരുടെ സംഗമം 2014 ഫെബ്രുവരി 7ന് സീറോ മലബാർ ഗൾഫ് ചീഫ് കോ-ഓർഡിനേറ്റർ ഷെവലിയർ ഡോ.മോഹൻ തോമസിന്റെ അധ്യക്ഷതയിൽ ദുബായിൽ നടന്നു. "ഗൾഫ് കൗൺസിൽ" എന്നു നാമകരണം ചെയ്യപ്പെട്ട ഈ സ്നേഹക്കൂട്ടായ്മയിൽ ഗൾഫ് രാജ്യങ്ങളിലെ എല്ലാ യൂണിറ്റുകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു.

ദുബായ് സെന്റ് മേരീസ് ഇടവകയിലെ സീറോ മലബാർ കമ്യൂണിറ്റി പ്രസിഡന്റ് സെബാസ്റ്റ്യൻ തോമസിന്റെ നേതൃത്വത്തിൽ ദുബായ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ മഹനീയം സംരംഭത്തിന് ആതിഥ്യം ഒരുക്കിയത്. സീറോ മലബാർ ഗൾഫ് ലീഗൽ അഡ്വൈസർ അഡ്വ.സോനു അഗസ്റ്റിൻ മീറ്റിന്റെ മോഡറേറ്ററായിരുന്നു. ഷെവലിയർ ഡോ.മോഹൻ തോമസിന്റെ സ്തുത്യർഹമായ സേവനത്തെ സമ്മേളനം അനുസ്മരിച്ചു.

ദുബായ്, അബുദാബി, ഷാർജ, ഒമാൻ, ബഹറിൻ, കുവൈറ്റ്, ഖത്തർ, ദമാം, ജിദ്ദ, റിയാദ്, അജ്മാൻ എന്നീ സ്ഥലങ്ങളിൽ നിന്നുള്ള കോർഡിനേറ്റർമാർ സംഗമത്തിൽ പങ്കെടുത്തു. മാതൃസഭയോട് ചേർന്നുനിന്നും അതേസമയം പ്രാദേശിക സഭാനേതൃത്വത്തോട് സഹകരിച്ചും സീറോ മലബാർ സഭാ പ്രവർത്തനങ്ങളെ എങ്ങനെ ക്രോഡീകരിക്കണമെന്ന് സമ്മേളനം ചർച്ചചെയ്തു. ഖത്തറിലുള്ള ഏക സീറോ മലബാർ പള്ളിക്ക് ഇടവകാസ്ഥാനം ലഭിക്കേണ്ടത് അനിവാര്യമാണെന്ന് കൗൺസിൽ അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭാ പ്രവർത്തനങ്ങൾക്ക് മുന്നേറ്റമുണ്ടാക്കുവാൻ ഗൾഫ് പള്ളികളിൽ സീറോ മലബാർ വൈദികരുടെ ആവശ്യകതയും പ്രാധാന്യമർഹിക്കുന്നു. ഗൾഫ് രാജ്യങ്ങളുടെ സീറോ മലബാർ ക്രോഡീകരണത്തിനും അജപാലനദൗത്യ നിർവ്വഹണത്തനും ഗൾഫിൽ ഒരു രൂപതയുടെ ആവശ്യകതയും കൗൺസിലിൽ ശക്തമായി ഉയർന്നുവന്നു. അറേബ്യൻ വികാരിയത്തിലെ പിതാക്കന്മാരായ ബിഷപ് പോൾ ഹിൻഡർ, ബിഷപ് കാമില്ലോ ബാലിൻ എന്നിവരിൽ നിന്നു ലഭിക്കുന്ന സഹായസഹകരണങ്ങളെ കൗൺസിൽ പ്രശംസിക്കുകയും കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യത്തിനുള്ള നിരന്തര ശ്രമങ്ങൾ തുടരുവാനും കൗൺസിൽ തീരുമാനിച്ചു. സീറോ മലബാർ ആരാധനക്രമങ്ങളും, ശുശ്രൂഷകളും നടത്തുന്നതിന് ഇന്നും പല ഗൾഫ് ദൈവാലയങ്ങളും വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഈ അവസ്ഥയ്ക്ക് സ്വീകാര്യമായ മാറ്റമുണ്ടാകണമെങ്കിൽ വത്തിക്കാനിൽ നിന്ന് ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു.




സൗദി അറേബ്യയിൽ നിന്ന് സീറോ മലബാർ വൈദികരെ പിൻവലിച്ചതുമൂലമുണ്ടായ മുറിവുകൾ ഇന്നും ഉണങ്ങാതെ നിൽക്കുന്നു. ഇതിനൊരു പരിഹാരത്തിനായുള്ള മാതൃസഭയുടെ പ്രത്യേകിച്ച് മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിയുടെ ശ്രമങ്ങളെ കൗൺസിൽ ശ്ലാഹിക്കുകയും പെട്ടെന്നുള്ള ഒരനുകൂല നടപടിയ്ക്കായി കാത്തിരിക്കുകയും ചെയ്യുന്നു. സീറോ മലബാർ സഭയുടെ ഗൾഫ് രാജ്യങ്ങളിലെ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുവാൻ ഗൾഫ് കൗൺസിലിന്റെ കൂട്ടായ പ്രവർത്തനത്തിന് കഴിയുമെന്ന് കൗൺസിൽ അഭിപ്രായപ്പെട്ടു.

അജ്മാൻ, ഷാർജ, അബുദാബി, ദുബായ് എന്നിവിടങ്ങളിലെ സീറോ മലബാർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പൊതുസമ്മേളനവും നടത്തപ്പെട്ടു. തുടർന്ന് ഉച്ചഭക്ഷണത്തോടെ ഗൾഫ് മീറ്റ് സമാപിച്ചു. അടുത്ത് സമ്മേളനം ദമാമിൽ കൂടുവാനും തീരുമാനിച്ചു.

## ഭൗതികഭ്രമങ്ങൾ അതിജീവിക്കാൻ വൈദികർക്കു കഴിയണം:

### മാർ ആലഞ്ചേരി

കൊച്ചി: ഭൗതികലോകത്തെ ഭ്രമങ്ങളും പ്രലോഭനങ്ങളും അതിജീവിക്കാൻ വൈദികർക്കു കഴിയണമെന്നു സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഓർമ്മിപ്പിച്ചു. സീറോ മലബാർ സഭ നവവൈദിക സംഗമം കാ ക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചെലവേറിയ വാഹനങ്ങൾ, ആവശ്യത്തിലധികമുള്ള മാധ്യമ ഉപയോഗം, മറ്റു സൗകര്യങ്ങൾ എന്നിവയോട് അകന്നുനിൽക്കാൻ വൈദികർ തയാറാവണം. ലാളിത്യത്തിന്റെ വഴികളിലൂടെ ദൈവരാജ്യശുശ്രൂഷ നിർവഹിക്കാൻ പരിശ്രമിക്കണം.

സീറോ മലബാർ സഭയിൽ ഈ വർഷം ഇരുന്നൂറു നവവൈദികരുണ്ടായെന്നത് അഭിമാനകരമാണ്. സഭയെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നുവെന്നതിന്റെ സൂചനയാണിതെന്നും മാർ ആലഞ്ചേരി പറഞ്ഞു. സീറോ മലബാർ സഭയുടെ ക്ലർജി കമ്മീഷനാണു നവവൈദിക സംഗമം ഒരുക്കിയത്. ബിഷപ് മാർ ബോസ്കോ പുത്തൂർ അധ്യക്ഷത വഹിച്ചു.

കമ്മീഷൻ ചെയർമാൻ ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യപ്രഭാഷണം നടത്തി. കമ്മീഷനംഗം ബിഷപ് മാർ ജോൺ വടക്കേൽ, സെക്രട്ടറി റവ.ഡോ. ജിമ്മി പൂച്ചക്കാട്ട്, സിസ്റ്റർ ജെസിയ, നവവൈദിക പ്രതിനിധികളായ ഫാ. ആന്റണി വെട്ടിയാനിക്കൽ, ഫാ. ഗ്രിഗറി മലയിൽ എന്നിവർ പ്രസംഗിച്ചു. സമൂഹബലിക്കു കർദിനാൾ മാർ ആലഞ്ചേരി മുഖ്യകാർമികത്വം വഹിച്ചു.




### മെത്രാന്മാരുടെ സിനഡ്മൂന്നാം അസാധാരണ പൊതുസമ്മേളനം

# സുവിശേഷവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ



**മനുഷ്യഹൃദയത്തിന്റെ കാഠിന്യത്താൽ, ഇസ്രായേൽക്കാരുടെ പാരമ്പര്യത്തിൽ പോലും ഉപേക്ഷിക്കപ്പെട്ടിരുന്ന ദൈവത്തിന്റെ ഏക പദ്ധതി ഒരിക്കൽ കൂടി അവതരിപ്പിച്ചുകൊണ്ട് വിവാഹത്തിന്റെ സൗന്ദര്യം യേശുക്രിസ്തു സ്ഥാപിച്ചു**

## സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ പദ്ധതി

കുടുംബത്തെക്കുറിച്ചുള്ള ബൈബിൾ സന്ദേശത്തിന്റെ സൗന്ദര്യം സ്ത്രീയുടെയും പുരുഷന്റെയും സൃഷ്ടിയിൽ അധിഷ്ഠിതമായിരിക്കുന്നു. അവർ ഇരുവരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉത്പ 1:24-31; 2:4-25). അവിഭാജ്യമായ ഒരു കൗദാശികബന്ധത്താൽ ഒന്നാക്കപ്പെട്ട വിവാഹിതർ സ്നേഹത്തിന്റെയും പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും സൗന്ദര്യവും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ഈ രീതിയിൽ പങ്കുചേരുന്നതിന്റെ ശ്രേഷ്ഠമായ മഹത്ത്വവും അനുഭവിക്കുന്നു. അവരുടെ ഐക്യത്തിന്റെ ഫലമായുള്ള ദാനത്തിൽ, മനുഷ്യവർഗത്തിന്റെ ഭാവിക്കുവേണ്ടി മക്കളെ വളർത്തുന്നതിന്റെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്റെയും ഉത്തരവാദിത്വം അവർ ഏറ്റെടുക്കുന്നു. പ്രജനനത്തിലൂടെ, സ്ത്രീയും പുരുഷനും സൃഷ്ടിയുടെ സംരക്ഷണത്തിലും മനുഷ്യകുടുംബത്തിന്റെ വളർച്ചയിലും ദൈവത്തിന്റെ സഹകാരികളാകുകയെന്ന വിളി വിശ്വാസത്തിൽ നിറവേറ്റുന്നു.

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ "കുടുംബം ഒരു കൂട്ടായ്മ"യിൽ ഇക്കാര്യത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്: ദൈവം മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. (ഉത്പ 1:26-27) അവിടന്ന് അവനെ സ്നേഹത്തിലൂടെ അസ്തിത്വത്തിലേക്കു വിളിച്ചു. അതേ സമയം അവിടന്ന് അവനെ സ്നേഹിക്കാൻവേണ്ടി വിളിച്ചു. ദൈവം സ്നേഹമാണ് (1 യോഹ 4/8). തന്നിൽത്തന്നെഅവിടന്നു ജീവിക്കുന്നത് വ്യക്തിപരവും സ്നേഹാത്മകവുമായ കൂട്ടായ്മയുടെ ഒരു രഹസ്യമായിട്ടാണ്. മനുഷ്യവർഗത്തെ സ്വന്തം പ്രതിരൂപത്തിൽ സൃഷ്ടിക്കുകയും തുടർച്ചയായി അസ്തിത്വത്തിൽ സംരക്ഷിക്കുകയും ചെയ്തുകൊണ്ട്, ദൈവം സ്ത്രീപുരുഷന്മാരുടെ മാനുഷികതയിൽ സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കുമുള്ള വിളിയും, അതിലൂടെ അതിനുള്ള കഴിവും ഉത്തരവാദിത്വവും ആലേഖനം ചെയ്തു" (GS 12). "തന്മൂലം ഓരോ മനുഷ്യജീവിയുടെയും അടിസ്ഥാനപരവും നൈസർഗികവുമായ വിളി സ്നേഹത്തിലേക്കാണ്" (FC 11). സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതി ആദിമപാപത്താൽ ശിഥിലമാക്കപ്പെട്ടു (cf ഉത്പ. 3:1-24). എന്നാലും ആ പദ്ധതി ചരിത്രത്തിലുടനീളം തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സംഭവങ്ങളിൽ കാലസംപൂർത്തിവരെ വെളിവാക്കപ്പെട്ടു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവേഷ്ടം ഉറപ്പിക്കപ്പെടുകയും അതേ ഇഷ്ടം അനുസരിക്കുന്നതിനുള്ള കൃപ നല്കുന്ന വിമോചനം സംലഭ്യമാക്കുകയും ചെയ്തു.

ദൈവപുത്രൻ, കന്യകാമാതാവിന്റെ ഉദരത്തിൽ മാംസം ധരിച്ച വചനം (cf യോഹ 1:14) നസ്രത്തിലെ കുടുംബത്തിൽ ജീവിച്ചുവളർന്നു. തന്റെ ആദ്യ അടയാളത്തിലൂടെ വിവാഹാഘോഷങ്ങൾക്കു പ്രാധാന്യം നല്കിക്കൊണ്ട് കാനായിലെ കല്യാണത്തിൽ പങ്കെടുത്തു (cf യോഹ 1/1-11). തന്റെ ശിഷ്യരുടെ കുടുംബങ്ങളിൽ തനിക്കു കിട്ടിയ സ്വീകരണത്തിൽ ഈശോ സന്തോഷിച്ചു (മർക്കോ 1/29-31, 2/13-17). ബഥാനിയായിൽ മരണത്താൽ ദുഃഖിതമായ കുടുംബത്തെ ആശ്വസിപ്പിച്ചു (cf ലൂക്കാ 10/38-42; യോഹ 11/1-44).

മനുഷ്യഹൃദയത്തിന്റെ കാഠിന്യത്താൽ, ഇസ്രായേൽക്കാരുടെ പാരമ്പര്യത്തിൽ പോലും ഉപേക്ഷിക്കപ്പെട്ടിരുന്ന ദൈവത്തിന്റെ ഏക പദ്ധതി ഒരിക്കൽ കൂടി അവതരിപ്പിച്ചുകൊണ്ട് വിവാഹത്തിന്റെ സൗന്ദര്യം യേശുക്രിസ്തു സ്ഥാപിച്ചു (മത്താ 5/31-32; 19/3-12; മർക്കോ 10/1-12; ലൂക്കാ 16/18). ഭാര്യയുടെയും ഭർത്താവിന്റെയും ഉപേക്ഷിക്കൽ, വ്യഭിചാരം എന്നിവ തള്ളിപ്പറഞ്ഞുകൊണ്ട് വിവാഹത്തിൽ ആദിമുതലേ ഉണ്ടായിരുന്ന ഐക്യവും വിശ്വസ്തതയും ഈശോ പഠിപ്പിച്ചു.

മാനുഷികസ്നേഹത്തിന്റെ അസാധാരണ സൗന്ദര്യം കൃത്യമായി എടുത്തുകാട്ടിക്കൊണ്ട് യേശു സ്ത്രീപുരുഷന്മാരുടെ ദാമ്പത്യസ്നേഹത്തിന്റെ ആദിമ മഹത്ത്വം ഉറപ്പിച്ചു. ഉത്തമഗീതത്താൽ പ്രചോദിതമായി അതു പണ്ടേ വളരെ ഉയർന്ന രീതിയിൽ ആഘോഷിച്ചിരുന്നതാണ്. ഹോസിയാ (1:2; 3:31) മലാക്കി (2:13-16) തുടങ്ങിയ പ്രവാചകന്മാർ ഉറച്ച ദാമ്പത്യബന്ധത്തിനുവേണ്ടി നിലകൊള്ളുകയും അതിനെ സംരക്ഷിക്കുകയും ചെയ്തിരുന്നു.

## കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം

കുടുംബം 'ഗാർഹികസഭ'യെന്ന് ആദിമ ക്രൈസ്തവസമൂഹത്തിൽത്തന്നെ കരുതപ്പെട്ടിരുന്നു. പുതിയ നിയമത്തിലെ അപ്പസ്തോലികലേഖനത്തിൽ കുടുംബനിയമസംഹിത എന്നു വിളിക്കപ്പെടുന്നിടത്ത് പ്രാചീനലോകത്തിലെ വലിയ കുടുംബമാണ് ആഴമാർന്ന ഐക്യദാർഢ്യത്തിന്റെ വേദിയായി പരിഗണിച്ചിരുന്നത്: ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലും സമ്പന്നരും ദരിദ്രരും തമ്മിലുമുള്ള ഐക്യദാർഢ്യത്തിന്റെ വേദി (cf എഫേ 5/21-6/9; കോളോ 3/18-41; 1 തിമോ 2/8-15; തീത്തൂസ് 2/1-10; 1 പത്രോ 2:13-3/7; ഫിലമോനുള്ള കത്തും കാണുക). പ്രത്യേകവിധമായി എഫേസോസ് ലേഖനം പുരുഷനും സ്ത്രീയും തമ്മിലുള്ള ദാമ്പത്യസ്നേഹത്തെ വലിയ രഹസ്യമായി അവതരിപ്പിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തെ അതു ലോകത്തിൽ പ്രത്യക്ഷമാക്കുന്നു (cf എഫേ 5/31-32).

നൂറ്റാണ്ടുകളിലൂടെയും ആധുനികയുഗത്തിന്റെ ആരംഭം മുതൽ ഇന്നുവരെയും സഭ തന്റെ അടിസ്ഥാനമായിരിക്കുന്ന വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള തന്റെ സിദ്ധാന്തം തുടർച്ചയായി പഠിപ്പിക്കാനും വികസിപ്പിക്കാനും എന്നും ശ്രദ്ധിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അജപാലന കോൺസ്റ്റിറ്റ്യൂഷനായ "സഭ ആധുനിക ലോകത്തിൽ" ആ സിദ്ധാന്തത്തിന്റെ ഒരു നല്ല അവതരണം നമുക്കു കാണാം. ചില അടിയന്തര പ്രശ്നങ്ങളാണ് ഈ കോൺസ്റ്റിറ്റ്യൂഷൻ ചർച്ച ചെയ്യുന്നത്. വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്ത്വം ഉയർത്തിക്കാട്ടാൻ അതിൽ ഒരു അധ്യായം മുഴുവൻ മാറ്റിവച്ചിരിക്കുന്നു. സമൂഹത്തിന്റെ സംസ്ഥാപനത്തിൽ അവയ്ക്കുള്ള മൂല്യം വിവരിക്കുന്നിടത്ത് അത് ദൃശ്യമാണ്. "ഇങ്ങനെ വിവിധ തലമുറകൾ ഒരുമിച്ചുകൂടുകയും കൂടുതൽ അറിവു ലഭിക്കുന്നതിനു പരസ്പരം സഹായിക്കുകയും സ്വന്തം വ്യക്തിപരമായ അവകാശങ്ങൾ സമൂഹജീവിതത്തിലെ മറ്റ് ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന കുടുംബത്തിൽ സമൂഹത്തിന്റെ അടിസ്ഥാനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു" (GS, 52). ദമ്പതികളുടെ വിശ്വാസജീവിതത്തിൽ ക്രിസ്തു കേന്ദ്രീകൃത ആധ്യാത്മികതയ്ക്കുവേണ്ടിയുള്ള ആ രേഖയുടെ ആഹ്വാനം പ്രത്യേകം ശ്രദ്ധേയമാണ്. "ജീവനുള്ള ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട്, യഥാർത്ഥ വ്യക്തികളുടെ നിരയിൽ സ്ഥാനം നല്കപ്പെട്ട ദമ്പതികൾ വികാരങ്ങളിൽ ഒന്നായി, മനസ്സിൽ തുല്യരായി, പരസ്പരവിശുദ്ധിയിൽ സംയോജിതരായിത്തീരട്ടെ.

വിവർത്തനം: റവ. ഫാ. ജോസ് കോട്ടയിൽ
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ

(തുടരും)

# ദൈവവിളിയ്ക്ക് എന്തുപറ്റി?

**ന്യായങ്ങളും ന്യായീകരണങ്ങളും ഒട്ടനവധി. ഉത്തരം ഒന്നുമാത്രം. ദൈവവിളി കുറഞ്ഞുപോയി. വൈദികരും സന്യാസിനികളുമാകുവാൻ ഇന്നത്തെ തലമുറ മടിക്കുന്നതെന്ത്? സാമൂഹിക മാറ്റം (Social Change) എന്ന പല്ലവി ആവർത്തിച്ച് നമുക്ക് മുന്നോട്ട് പോകുവാനാകുമോ?**

**ഫാ.ജോസ് മുല്ലക്കരി**
അസി.പ്രൊഫ.എസ്.ബി.കോളജ്
ചങ്ങനാശ്ശേരി

### ദൈവവിളി

കുഞ്ഞുവിരലുകൾകൊണ്ട് വല്ല്യമ്മച്ചി കുരിശു വരപ്പിച്ചപ്പോഴും തഴമ്പുവീണ അപ്പന്റെ കയ്യിൽ പിടിച്ച് വി. കുർബ്ബാനയ്ക്ക് പോയപ്പോഴും മുട്ടിന്മേൽ നിന്ന് സന്ധ്യാപ്രാർത്ഥന ചൊല്ലിയപ്പോഴും മുതിർന്നവർക്കൊപ്പം ഇരിക്കാതെ ഭിത്തിയോട് ചേർന്ന് നിന്നപ്പോഴും പ്രായമായ ആ വല്ല്യപ്പച്ചന് ബസിൽ സീറ്റ് ഒഴിഞ്ഞു കൊടുത്തപ്പോഴും ചോറ്റുപാത്രത്തിൽ നിന്ന് പാതി ച്ചോറ് വിശന്ന ആ കൂട്ടുകാരന് പകുത്തു കൊടുത്തപ്പോഴും ഫോണും ടിവിയും കമ്പ്യൂട്ടറുമൊക്കെ വേണ്ട സമയത്ത് സ്വിച്ച് ഓഫ് ചെയ്തപ്പോഴും അൾത്താരയിൽ ശുശ്രൂഷ ചെയ്തപ്പോഴും ഒരച്ചനും ഒരു സിസ്റ്ററും ജനിക്കുകയായിരുന്നു. അന്നും അണു കുടുംബങ്ങളിൽ നിന്നും വൈദികരും സന്ന്യസ്തരുമുണ്ടായി.

എന്നാലിന്ന് സ്ഥിതി മാറി. മക്കളിൽ ആരെങ്കിലും ദൈവവിളി സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കന്മാരും വീട്ടിൽ ഒരു സിസ്റ്ററോ അച്ചനോ ഉണ്ടാകണമെന്ന് കുഞ്ഞുനാളു മുതലേ പഠിപ്പിച്ചിരുന്ന വല്ല്യപ്പച്ചന്മാരും വല്ല്യമ്മച്ചിമാന്മാരും ഒക്കെ ഇന്ന് അന്യം നിന്ന പോലെയായി. ഒപ്പം ഇല്ലാതെ പോകുന്നത് അവരിലൂടെ ഒക്കെ ആയിത്തീരുകയും നമ്മുടെയൊക്കെ വീടിന്റെയും നാടിന്റെയും സഭയുടെയും അനുഗ്രഹമായിരിക്കുകയും ചെയ്ത ഒരച്ചനും സിസ്റ്ററുമൊക്കെയാണ്. വലിയ ഡോക്ടറും എഞ്ചിനീയറും വിദേശത്ത് ജോലിയും നമ്മൾ കുഞ്ഞുമനസ്സിൽ നിറച്ചു. ഈശോയും പള്ളിയും വിശുദ്ധ കുർബ്ബാനയും പ്രാർത്ഥനയും സ്തുതിയുമൊക്കെ നിറഞ്ഞുനിന്നിരുന്ന മനസ്സുകളിൽ പണവും പ്രതാപവും സ്ഥാനമാനങ്ങളും പഠനോപകരണങ്ങളും നിറഞ്ഞു നിൽക്കുകയാണ്. അവർക്കു മുമ്പിൽ ദൈവവും മാതാപിതാക്കന്മാരും അധ്യാപകരും കൂട്ടുകാരും മങ്ങിയ കാഴ്ചകളും. ആഘോഷങ്ങളുടെ ആരവങ്ങളും ആർപ്പുവിളികളുടെ ഓളങ്ങളുമേ അവർക്ക കേൾക്കാനുള്ളൂ. പ്രായഭേദമെന്യേ എല്ലാവരും ആഘോഷതിമിർപ്പിലാണ്. അങ്ങനെയുള്ളപ്പോൾ അണു കുടുംബങ്ങളുടെ എണ്ണം കൂടുകയും ദൈവവിളി കുറയുകയും ചെയ്യുക സ്വാഭാവികം. എന്നിരുന്നാലും ഒറ്റപ്പൂരാടങ്ങളും ആണും പെണ്ണും ഓരോന്നായിട്ടുള്ളവരും പൗരോഹിത്യ-സന്ന്യസ്ത ജീവിതാന്തസ്സുകളിലേയ്ക്ക് പ്രവേശിക്കുന്നത് പച്ചകെടാത്ത നസ്രാണിപാരമ്പര്യത്തിന്റെയും ആഴമായ വിശ്വാസ ജീവിതത്തിന്റെയും പ്രത്യാശപകരുന്ന അടയാളങ്ങളാണ്.

### *എന്തുകൊണ്ട് ദൈവവിളി കുറയുന്നു?*

വീട് ദൈവവിളികളുടെ വിളനിലമല്ലാതായിതീർന്നതും മക്കളുടെ എണ്ണം കുറഞ്ഞുപോയതും സമർപ്പിത ജീവിതത്തിലേയ്ക്കുള്ള വിളി കുറയുന്ന പ്രഥമ കാരണമാണ്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വളർച്ചയും യുവജനങ്ങളുടെ ആഘോഷപൂർവ്വവും കഷ്ടപ്പാടുകളില്ലാത്തതുമായ ജീവിത ശൈലികളും സമർപ്പിത ജീവിതത്തിലേയ്ക്കുള്ള വഴികളടയ്ക്കുന്നു. കൂടാതെ ധാർമ്മികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചും നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്തും ജീവിക്കുന്ന മാതൃകകളും പാഠങ്ങളുമല്ല വീട്ടിലും സ്കൂളിലും മാധ്യമങ്ങളിലും യുവജനങ്ങൾ കണ്ടുമുട്ടുക. സമർപ്പിത ജീവിതം ക്ലേശകരമായതുകൊണ്ടും ഒറ്റക്ക് ജീവിക്കുന്നത് പ്രയാസകരമായതുകൊണ്ടും അടിപൊളി ജീവിതവും ആഘോഷങ്ങളും ഇഷ്ടമായതും കൊണ്ടാണ് സമർപ്പിത ജീവിതത്തിലേയ്ക്ക് കടന്നുവരാനാഗ്രഹിക്കാത്തത് എന്ന് ദർശകൻ നടത്തിയ സർവ്വേയിൽ പങ്കെടുത്ത 90% യുവജനങ്ങളും അഭിപ്രായപ്പെട്ടു. ഇവരെല്ലാവരും ഒരു കാലത്ത് വൈദികനോ സിസ്റ്ററോ ആകാൻ ആഗ്രഹിച്ചിരുന്നവരും വീടുകളിൽ നിന്ന് വേണ്ടത്ര ഒരുക്കങ്ങളും അറിവും ലഭിച്ചവരുമാണ്. അങ്ങനെ വരുമ്പോൾ കാലം വച്ചു നീട്ടുന്ന വിഭവങ്ങളിൽ കണ്ണുടക്കുന്നതാണ് ദൈവവിളിക്ക് തടസ്സമെന്ന് അനുമാനിക്കാം.

### *അർത്ഥികളും പരിശീലകരും*

അർത്ഥികളായി സമർപ്പിത ജീവിതത്തിനെത്തുന്നവരിൽ ബഹുഭൂരിപക്ഷത്തിനും ആഴമായ ബോധ്യങ്ങളോ ഏറ്റെടുക്കുന്ന ജീവിതാന്തസ്സിന്റെ വിശുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളോ കുറവാണ്. പെട്ടെന്നുണ്ടാകുന്ന തീരുമാനങ്ങൾക്കും ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കുമപ്പുറം സമർപ്പിതജീവിത വിളി നിരന്തരമായ ഒരു സാധനയുടെ ഫലമായി വീടുകളിലുണ്ടായി വൈദിക സന്ന്യസ്തരാൽ പുഷ്ടിപ്പെടേണ്ട ഒന്നാണ്. അർത്ഥികളുടെ മുൻഗണനകളിൽ ഉന്നതവിദ്യാഭ്യാസവും വലിയ സ്ഥാനമാനങ്ങളും വലിയ പ്രസ്ഥാനങ്ങൾ പണിതുയർത്തി പ്രശസ്തരാകണമെന്നുമുള്ള ചിന്തകളും സ്ഥാനം പിടിക്കുന്നുവെന്നാണ് സർവ്വേയിൽ പങ്കെടുത്ത പരിശീലകരെല്ലാം ഒന്നടങ്കം അഭിപ്രായപ്പെടുക. പ്രാർത്ഥനയിൽ ആഴപ്പെട്ട് വിശുദ്ധമായ ജീവിതചര്യകളിലൂടെ പാവങ്ങൾക്കും മറ്റുള്ളവർക്കും ശുശ്രൂഷ ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തുകയും മനുഷ്യരെ ശുശ്രൂഷിക്കുകയും ചെയ്യുകയെന്ന മഹത്തായ കാര്യമാണ് സമർപ്പിതരായ അർത്ഥികളിൽ പരിശീലന കാലഘട്ടത്തിൽ രൂഢമൂലമാകേണ്ട യാഥാർത്ഥ്യം. മാത്രമല്ല, പരിശീലകർ ഏറെ വെല്ലുവിളികളെ അതിജീവിക്കേണ്ടി വരുന്നു. തിരുത്തലുകൾക്കും ഗുണപാഠങ്ങൾക്കും തുറന്ന മനസ്സും ജീവിതാന്തസ്സിനെക്കുറിച്ച് ഗൗരവമായ ചിന്തയും അർത്ഥികളിലുണ്ടാവേണ്ടത് വീടിന്റെ സാഹചര്യങ്ങളിൽ നിന്നാണ്.

അപര്യാപ്തമായ പരിശീലനമാണ് നൽകപ്പെടുന്നത് എന്നതിൽ പരിശീലകർക്ക് സംശയമില്ല. Psycho, Spiritual തലങ്ങളിൽ പ്രാഗത്ഭ്യമുള്ളവരും കരുണാർദ്രമായ സ്നേഹത്തോടുകൂടി പെരുമാറുന്നവരും മാതൃകാപരമായ ജീവിതത്തിന് ഉടമകളുമായിരിക്കണം പരിശീലകരെന്നും അഭിപ്രായമുണ്ട്. കാലോചിതമായ മാറ്റങ്ങൾ സംഭവിക്കാത്ത പരിശീലന രീതികൾക്ക് ദശാംബ്ദങ്ങൾ പഴക്കമുള്ളതാണ്. എന്നാൽ അർത്ഥികളായെത്തുന്നവർ രണ്ടു ദശാംബ്ദം മുന്നിലുള്ളവരും. ഉത്തരവാദിത്വങ്ങളിലുള്ളവർ വേണ്ടത്ര ഈ അന്തരം മനസ്സിലാക്കാത്തതാണ് മാറ്റങ്ങൾക്ക് തടസ്സം. പരിശീലനവും പരിശീലകരും കാലത്തിന് ചേർന്നതും അന്തസഃത്ത വെടിയാത്തതുമാകണം.

സർവ്വേയിൽ പങ്കെടുത്ത വൈദികരും സന്ന്യസ്തരും അവർക്ക് ലഭിച്ച ദൈവവിളിയിലും ജീവിതാന്തസ്സിലും പരിപൂർണ്ണ സംതൃപ്തരാണ്. ഇനിയും ഏറെ ദൈവവിളികൾ ഉണ്ടാകണമെന്നും സഭയിൽ നിസ്വാർത്ഥ ശുശ്രൂഷ നിർവ്വഹിക്കുന്ന വൈദിക സന്ന്യസ്തരെ ദൈവജനം ഉള്ളം കയ്യിൽ കൊണ്ടുനടക്കുമെന്നും ഇവർ പറയുമ്പോൾ കഠിന വിമർശനങ്ങളുടെയും എതിർപ്പുകളുടെയും പൊരുളും പള്ളിയിൽ നിന്ന് വിശ്വാസികൾ അകലം പാലിക്കുന്നതിന്റെ കാരണവും സുവ്യക്തമാകുന്നു.

വൈദികരും സന്യസ്തരും ഒരു സുപ്രഭാതത്തിൽ മാനത്തുനിന്ന് പൊട്ടിവീണതല്ല എന്നോർക്കാം. കാരണം മാനുഷികമായ എല്ലാ കുറവുകളും എന്നും അവരോടൊപ്പമുണ്ട്. എന്നാലും കുറവുകളെ സദാപരിഹരിക്കുന്ന ദൈവത്തിന്റെ സ്വന്തമാണവർ. വാക്കുകൾകൊണ്ട് യുദ്ധം നടത്തുമ്പോഴും അനുയായികളെ കൂട്ടി ആക്രോശങ്ങളുതിർക്കുമ്പോഴും ഒളിഞ്ഞും തെളിഞ്ഞും നാണം കെടുത്തുമ്പോഴും 'അത് നമ്മുടെ അച്ചനും സിസ്റ്ററുമാ'ണെന്ന ഓർമ്മ വേണം. നമ്മുടെ വീട്ടിലെ ആരെങ്കിലുമായിരുന്നെങ്കിൽ നമ്മൾ ഇങ്ങനെ ചെയ്യുമായിരുന്നോ.

നാളെ നമ്മുടെ മക്കളെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കാനും മാമ്മോദീസാ മുതൽ മൃതസംസ്കാരം വരെ കൂടെ നടക്കാനും ആശീർവ്വാദത്തിന്റെ കുരിശടയാളങ്ങൾ നെറ്റിയിൽ ചാർത്താനും നല്ലതു പറഞ്ഞ കൂടെ നടന്നും നമ്മെ നല്ലവരാക്കാനും പിന്നെ അനേകരുടെ കണ്ണീരൊപ്പാനും ഇവിടെ അച്ചന്മാരും സിസ്റ്റേഴ്സും ഉണ്ടാവണം.

ദൈവത്തിന്റെ മുമ്പിൽ മനുഷ്യരുടെ പ്രതിരൂപമാകാനും മനുഷ്യരുടെ മുമ്പിൽ ദൈവത്തിന്റെ പ്രതിരൂപമാകാനും നമ്മുടെ വൈദികർക്കും സന്ന്യസ്തർക്കുമാവട്ടെ.

**(ദർശകൻ മാർച്ച് 2014 ലക്കത്തിൽ നിന്ന്)**



**ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ**
പ്രിയോർ ജനറാൾ, സിഎംഐ



# വചനാധിഷ്ഠിതമായ കത്തോലിക്കാ വിശ്വാസം

**(കഴിഞ്ഞ ലക്കം തുടർച്ച...)**

**2. സ്ഥൈര്യലേപനം:** ബൈബിൾ പഠിപ്പിക്കുന്നതനുസരിച്ചു മാമോദീസാ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്ന ദാനം നമുക്കു ലഭിക്കുന്നുണ്ട് (നടപടി 1: 38). എന്നാൽ പരിശുദ്ധാത്മാവിനെ പ്രത്യേകമായി സ്വീകരിച്ചു ശക്തിപ്രാപിക്കുവാൻ കർത്താവ് ആവശ്യപ്പെട്ടിട്ടുണ്ട്. കർത്താവ് തന്റെ സ്വർഗാരോഹണത്തിനു മുൻപായി ശിഷ്യരോടു പറഞ്ഞു: "നിങ്ങൾ ജറുസലേം വിട്ടു പോകരുത്. എന്നിൽ നിന്നു നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം നല്കി; നിങ്ങളാകട്ടെ ഏറെ താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും" (നടപടി 1: 4-5).
കർത്താവ് ആവശ്യപ്പെട്ടതു പോലെ, പന്തക്കുസ്താ ദിവസം പരിശുദ്ധാത്മാവിനെ പ്രത്യേകമായി സ്വീകരിച്ചതിനു ശേഷമാണു ശിഷ്യന്മാർ നിർഭയരായി കർത്താവിന്റെ വചനം പ്രഘോഷിക്കുവാൻ തുടങ്ങിയത്. സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ നാം പരിശുദ്ധാത്മാവിനെ പ്രത്യേകമായി സ്വീകരിക്കുന്നതിന്റെ ലക്ഷ്യവും ഇതു തന്നെയാണ്. അതായത് നമ്മുടെ അനുദിന ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കർത്താവിനു സാക്ഷികളായി തീരുക എന്നത്.

**3. പാപമോചനം:** കർത്താവായ യേശു തന്റെ പരസ്യ ജീവിതകാലത്തു തളർവാതരോഗിയുടെയും (മർക്കോസ് 2:5; ലൂക്കാ 5: 20) പാപിനിയായ സ്ത്രീയുടെയും (ലൂക്കാ 7:48) പാപങ്ങൾ ക്ഷമിച്ചതു വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. പാപം മോചിക്കുവാനുള്ള തന്റെ ഈ അധികാരം കർത്താവ് തന്റെ ശിഷ്യർക്കും അവരുടെ പിൻഗാമികൾക്കും നൽകിയതായി അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എതു നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. എന്നാൽ, നാം അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. കർത്താവ് പറയുന്നതു ശ്രദ്ധിക്കൂ: "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെട്ടിരിക്കും. എന്നാൽ, നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കാതിരിക്കുന്നുവോ അവ ക്ഷമിക്കപ്പെടുകയില്ല" (യോഹന്നാൻ 20:23). അവിടുന്നു വീണ്ടും പറയുന്നു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും"(മത്തായി 16:18).
പാപമോചനാധികാരം ലഭിച്ച അപ്പസ്തോലനായ പൗലോസിനോടു ജനങ്ങൾ പാപം ഏറ്റു പറയുന്ന ഒരു സംഭവം നടപടിപ്പുസ്തകത്തിൽ നാം വായിക്കുന്നുണ്ട് "എഫേസൂസിൽ വസിച്ചിരുന്ന യഹൂദരും ഗ്രീക്കുകാരുമായ എല്ലാവരും ഈ വിവരം അറിഞ്ഞു ഭയപ്പെട്ടു. കർത്താവായ യേശുവിന്റെ നാമം കൂടുതൽ പ്രകീർത്തിക്കപ്പെടുകയും ചെയ്തു. കൂടാതെ വിശ്വാസം സ്വീകരിച്ച പലരും വന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ് കുറ്റം സമ്മതിച്ചു" (നടപടി 19: 17-18). ജനങ്ങൾ പാപങ്ങൾ ഏറ്റുപറയുക മാത്രമല്ല, പാപത്തിനു കാരണമായ സാഹചര്യങ്ങൾ ഉപേക്ഷിക്കുന്നതായും നാം വായിക്കുന്നുണ്ട്: "ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അനേകമാളുകൾ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ അഗ്നിക്കിരയാക്കി" (നടപടി 19: 19).

പുതിയ നിയമത്തിൽ മാത്രമല്ല, പഴയനിയമത്തിലും ജനങ്ങൾ പാപം ഏറ്റു പറയുന്ന സംഭവം നാം വായിക്കുന്നുണ്ട്. ദാവീദ് രാജാവ് പാപം ചെയ്തപ്പോൾ പ്രവാചകനായ സാമുവലിന്റെ അരികെ പാപം അദ്ദേഹം ഏറ്റുപറഞ്ഞു: "കർത്താവിനു എതിരായി ഞാൻ പാപം ചെയ്തു പോയി" (2 സാമുവൽ 12:13).

കർത്താവ് അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും പാപമോചനാധികാരം നല്കിയിരിക്കുന്നതുകൊണ്ടു അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർക്കും വൈദികർക്കുമാണ് പാപം മോചിക്കാൻ അധികാരമുള്ളത്. ഈ അധികാര ശുശ്രൂഷ അവർ സ്വയം തെരഞ്ഞെടുക്കുന്നതല്ല; കർത്താവാണ് അവരെ ഈ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കുന്നത്. അവിടുന്നു പറയുന്നു: "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ.15:16). അപ്പസ്തോലന്മാർക്കു കർത്താവ് പാപമോചനാധികാരം നൽകിയിരുന്നതു കൊണ്ടുകൂടിയാണ് പാപം ഏറ്റു പറയുവാൻ ദൈവവചനം പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നത് : "നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ നാം പാപങ്ങൾ ഏറ്റു പറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. നാം പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞാൽ നാം അവനെ വ്യാജം പറയുന്നവനാക്കുന്നു. അവന്റെ വചനം നമ്മിൽ ഉണ്ടായിരിക്കുകയുമില്ല" (1 യോഹാൻ 1: 8-10). പാപം ഏറ്റു പറയുന്നതിനെക്കുറിച്ചു ദൈവവചനം വീണ്ടും പറയുന്നു: "നിങ്ങൾ സൗഖ്യം പ്രാപിക്കുവാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ" (യാക്കോബ് 5:16).

**'നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ നാം പാപങ്ങൾ ഏറ്റു പറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും.**

നടപടിപ്പുസ്തകത്തിൽ വായിക്കുന്ന ഒരു സംഭവം ഇവിടെ അനുസ്മരിക്കുന്നത് നല്ലതാണ്. അനനിയാസും സഫീറായും പറമ്പു വിറ്റു കിട്ടിയ പണത്തിന്റെ കണക്കു തെറ്റായിട്ടാണു പത്രോസിനോടു പറഞ്ഞത്. അപ്പോൾ പത്രോസ് അനനിയാസിനോടു പറഞ്ഞതു നാം ശ്രദ്ധിക്കേണ്ടതാണ്. "നീ വ്യാജം പറഞ്ഞതു മനുഷ്യരോടല്ല, ദൈവത്തോടാണ്" (നടപടി 5:4) എന്നാണു പത്രോസ് അപ്പോൾ പറഞ്ഞത്. അതായത്, പത്രോസ് അപ്പോൾ ദൈവത്തിന്റെ സ്ഥാനത്തു നിന്നാണ് പ്രവർത്തിച്ചതെന്നു വ്യക്തം. പാപമോചന വേദിയിലും സംഭവിക്കുന്നതു ഇതുതന്നെയാണ്. കുമ്പസാരിക്കുന്ന വ്യക്തി വൈദികനോടല്ല, ദൈവത്തോടാണു യഥാർത്ഥത്തിൽ കുമ്പസാരിക്കുന്നത്. വൈദികൻ ദൈവത്തിന്റെ നാമത്തിൽ പാപമോചനം നല്കുന്നു എന്നു മാത്രം.

**4. വിശുദ്ധ കുർബാന:** കർത്താവായ യേശുവിന്റെ ശരീരരക്തങ്ങളിൽ പങ്കു കൊണ്ട് അതുവഴിയായി നമുക്കു നിത്യജീവിതത്തിന് അർഹത കിട്ടുവാൻ വേണ്ടിയാണ് (യോഹന്നാൻ 6: 53-57) അവിടുന്ന് അന്ത്യഅത്താഴവേളയിൽ വിശുദ്ധ കുർബാന സ്ഥാപിച്ചത്. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്കാ 22: 18-22) എന്ന വ്യക്തമായ കല്പനയും വിശുദ്ധ കുർബാന സംബന്ധിച്ച് അവിടുന്നു നൽകിയിട്ടുണ്ട്. വിശുദ്ധ കുർബാന വഴിയായി കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് നാം ചെയ്യുന്നത് (1 കോറിന്തോസ് 11: 23-26) എന്ന് പൗലോസ് അപ്പസ്തോലൻ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. കർത്താവിന്റെ കല്പന പാലിച്ചു കൊണ്ട് ആദിമസഭയിൽ അപ്പം മുറിക്കൽ ശുശ്രൂഷ എന്ന പേരിൽ വിശുദ്ധ കുർബാന അർപ്പണം നടന്നിരുന്നതായി നടപടിപ്പുസ്തകത്തിൽ നമുക്കു കാണാനാവും (2:42, 46; 20:7; 11:27, 35).

(തുടരും)

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).

# LAITY VOICE




## ക്രൈസ്തവ വിശ്വാസപ്രഖ്യാപനം

അദ്ധ്യായം 3

# "പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുന്നു"



20

**കഴിഞ്ഞ ലക്കം തുടർച്ച.......**

**എന്തുകൊണ്ടാണ് ക്രിസ്തു സഭയിൽ ഹയരാർക്കി സ്ഥാപിച്ചത്?**

ദൈവജനത്തെ തന്റെ നാമത്തിൽ മേയിക്കാനായി ക്രിസ്തു ഹയരാർക്കി സ്ഥാപിച്ച് അതിന് അധികാരം നൽകി. മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ എന്നീ വിശുദ്ധ ശുശ്രൂഷകരാലാണ് ഇതു രൂപപ്പെട്ടിരിക്കുന്നത്. തിരുപ്പട്ട കൂദാശവഴിയായി, മെത്രാന്മാരും വൈദികരും അവരുടെ ശുശ്രൂഷയുടെ നിർവഹണത്തിലൂടെ തലവനായ മിശിഹായുടെ നാമത്തിലും വ്യക്തിയിലും പ്രവർത്തിക്കുന്നു. ഡീക്കന്മാരാകട്ടെ വചനം, ആരാധനക്രമം, ഉപവി എന്നിവയുടെ ശുശ്രൂഷയിൽ (ദിയാക്കോണിയ) ദൈവജനത്തെ സേവിക്കുന്നു.

**സഭാശുശ്രൂഷയുടെ സംഘാത്മകസ്വഭാവം എങ്ങനെ നിർവ്വഹിക്കപ്പെടുന്നു?**

ക്രിസ്തു ഒന്നിച്ചു തിരഞ്ഞെടുക്കുകയും ഒന്നിച്ച് അയയ്ക്കുകയും ചെയ്ത പന്ത്രണ്ടു ശ്ലീഹന്മാരുടെ മാതൃകയിൽ, സഭയുടെ ഹയരാർക്കിയിലെ അംഗങ്ങളുടെ ഐക്യം എല്ലാ വിശ്വാസികളുടെയും കൂട്ടായ്മയുടെ സേവനത്തിനാണ്. ഓരോ മെത്രാനും മെത്രാൻസംഘത്തിലെ അംഗമെന്ന നിലയിൽ, മാർപാപ്പയുമായി കൂട്ടായ്മയിലായിരുന്നുകൊണ്ട് അദ്ദേഹത്തോടൊപ്പം സാർവ്വത്രികസഭയെ പോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള താൽപര്യത്തിൽ പങ്കുചേർന്ന് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നു. വൈദികർ, തങ്ങളുടെ മെത്രാനോടു കൂട്ടായ്മയിലായിരുന്നുകൊണ്ട് അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ, പ്രാദേശികസഭയുടെ വൈദികസംഘത്തിലായിരുന്നുകൊണ്ട്, തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നു.

**സഭാശുശ്രൂഷയ്ക്കു വ്യക്തിപരമായി ഒരു സ്വഭാവമുണ്ട്, എന്തുകൊണ്ട്?**

തിരുപ്പട്ട കൂദാശയാൽ, തങ്ങളെ വ്യക്തിപരമായി വിളിക്കുകയും ദൗത്യം ഏല്പിക്കുകയും ചെയ്ത ക്രിസ്തുവിന്റെ മുമ്പിൽ ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. അതിനാൽ സഭാശുശ്രൂഷയ്ക്ക് വ്യക്തിപരമായ ഒരു സ്വഭാവമുണ്ട്.

**മാർപാപ്പയുടെ ദൗത്യം എന്ത്?**

> **മെത്രാന്മാർ വചനത്തിന്റെയും കൂദാശകളുടെയും ശുശ്രൂഷയിലൂടെ -പ്രത്യേകിച്ച് വിശുദ്ധ കുർബാനയിലൂടെ-മിശിഹായുടെ കൃപയെ പ്രദാനം ചെയ്തുകൊണ്ടും, അവരുടെ പ്രാർത്ഥന, മാതൃക, അദ്ധ്വാനം എന്നിവയിലൂടെയും സഭയെ വിശുദ്ധീകരിക്കുന്നു.**

വി.പത്രോസിന്റെ പിൻഗാമിയും റോമാ മെത്രാനുമായ മാർപാപ്പ സഭൈക്യത്തിന്റെ ശാശ്വതവും ദൃശ്യവുമായ ഉറവിടവും അടിസ്ഥാനവുമാണ്. ക്രിസ്തുവിന്റെ വികാരിയും മെത്രാൻസംഘത്തിന്റെ തലവനും സഭ മുഴുവന്റെയും ഇടയനുമായ മാർപാപ്പയ്ക്കു ദൈവനിശ്ചയത്താൽ പൂർണ്ണവും പരമോന്നതവും നേരിട്ടുള്ളതും സാർവ്വത്രികവുമായ അധികാരമുണ്ട്.

**മെത്രാൻസംഘത്തിന് സഭയുടെമേലുള്ള അധികാരം എന്ത്?**

മാർപാപ്പയുമായുള്ള ഐക്യത്തിൽ, മെത്രാൻസംഘത്തിന് സഭയുടെമേൽ പൂർണ്ണവും പരമോന്നതവുമായ അധികാരമുണ്ട്. മാർപാപ്പയെക്കൂടാതെ അതില്ലതാനും.

**മെത്രാൻമാർ അവരുടെ പ്രബോധനദൗത്യം എങ്ങനെ നിർവ്വഹിക്കുന്നു?**

മാർപാപ്പയോട് ഐക്യത്തിലായിരുന്നുകൊണ്ട്, എല്ലാവരോടും വിശ്വസ്തതയോടും ആധികാരികതയോടുംകൂടി സുവിശേഷം അറിയിക്കുവാൻ മെത്രാന്മാർക്ക് കടമയുണ്ട്. അവർ ക്രിസ്തുവിന്റെ അധികാരം സ്വീകരിച്ചവരും ശ്ലൈഹികവിശ്വാസത്തിന്റെ യഥാർത്ഥ സാക്ഷികളുമാണ്. പ്രകൃത്യതീതമായ വിശ്വാസാവബോധത്തിലൂടെ സഭയുടെ സജീവമായ പ്രബോധനാധികാരത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനു കീഴിൽ, ദൈവജനം തെറ്റുകൂടാതെ വിശ്വാസം മുറുകെപ്പിടിക്കുന്നു.

**സഭയുടെ പ്രബോധനാധികാരത്തിന്റെ അപ്രമാദിത്വം എപ്പോൾ പ്രയോഗിക്കുന്നു?**

സഭ മുഴുവന്റെയും പരമോന്നത ഇടയനെന്ന നിലയിലുള്ള അധികാരം വഴി റോമാ മാർപാപ്പയോ മാർപാപ്പയുമായി ഐക്യത്തിലായിരിക്കുന്ന മെത്രാൻസംഘമോ, പ്രത്യേകിച്ച് ഒരു സാർവ്വത്രിക സൂനഹദോസിൽ സമ്മേളിക്കുമ്പോൾ വിശ്വാസത്തേയോ ധാർമ്മികതയേയോ സംബന്ധിച്ച് ഒരു സത്യം ആത്യന്തികമായ ഒരു നടപടിയിലൂടെ പ്രഖ്യാപിക്കുമ്പോൾ അപ്രമാദിത്വം പ്രയോഗിക്കുന്നു. കൂടാതെ, മാർപാപ്പയും മെത്രാന്മാരും അവരുടെ സാധാരണ പ്രബോധനാധികാരത്തിൽ, ഒരു സത്യം ആത്യന്തികമെന്ന രീതിയിൽ നിർദ്ദേശിക്കുന്നതിൽ യോജിക്കുമ്പോൾ അപ്രമാദിത്വം പ്രയോഗിക്കുന്നു. ഈ പ്രബോധനം വിശ്വാസികൾ വിശ്വാസത്തിന്റ അനുസരണം വഴി അനുസരിക്കേണ്ടതുണ്ട്.

**വിശുദ്ധീകരണശുശ്രൂഷ മെത്രാന്മാർ നിർവഹിക്കുന്നത് എപ്രകാരമാണ്?**

മെത്രാന്മാർ വചനത്തിന്റെയും കൂദാശകളുടെയും ശുശ്രൂഷയിലൂടെ -പ്രത്യേകിച്ച് വിശുദ്ധ കുർബാനയിലൂടെ-മിശിഹായുടെ കൃപയെ പ്രദാനം ചെയ്തുകൊണ്ടും, അവരുടെ പ്രാർത്ഥന, മാതൃക, അദ്ധ്വാനം എന്നിവയിലൂടെയും സഭയെ വിശുദ്ധീകരിക്കുന്നു.

**ഭരണധർമ്മം മെത്രാന്മാർ നിർവഹിക്കുന്നത് എപ്രകാരമാണ്?**

മെത്രാൻസംഘത്തിലെ അംഗമെന്ന നിലയിൽ ഓരോ മെത്രാനും പ്രാദേശിക സഭകൾക്കായുള്ള താല്പര്യം സംഘാത്മകമായി വഹിക്കുന്നു. ഒപ്പം, മാർപാപ്പയോട് ഐക്യത്തിലായിരിക്കുന്ന മറ്റെല്ലാ മെത്രാന്മാരോടും കൂടെ സഭ മുഴുവനെയും സംബന്ധിച്ച തീക്ഷ്ണതയും അദ്ദേഹത്തിനുണ്ട്. ഒരു പ്രാദേശികസഭ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന മെത്രാൻ, നല്ലിടയനായ ക്രിസ്തുവിന്റെ നാമത്തിൽ സഭ മുഴുവനുമായുള്ള ഐക്യത്തിലും പത്രോസിന്റെ പിൻഗാമിയുടെ മാർഗനിർദ്ദേശത്തിനു കീഴിലും സ്വകീയവും ഉദ്യോഗസഹജവും നേരിട്ടുള്ളതുമായ അധികാരത്തോടെ ഭരിക്കുന്നു.

(തുടരും)

(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)


Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala, India
Ph: +91 4828 203080, 9447355512
Chief Editor: Adv. V. C. Sebastian
e-mail: laityvoice@gmail.com



Private circulation

SHAIJU.CHACKO7@GMAIL.COM